
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഉയിർപ്പ് ലക്കം 2014



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



**ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ**

**ജന്മശതാബ്ദിവർഷം: 1914–2014**

# ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാൻ...

ഒരു കൊച്ചുകുട്ടിയുടെ കൈ നിറയെ ചോക്ലേറ്റ് ബിസ്കറ്റുകൾ ഉണ്ടായിരിക്കേ നാം ഒന്നുകൂടി കൊടുത്താൽ അവന്റെ കൈകൾ നമുക്കു നേരെ അറിയാതെ നീളും. എന്തുമാത്രം സ്വന്തമായുണ്ടെങ്കിലും പുതുമയെ കൈനീട്ടി സ്വീകരിക്കാനുള്ള വെമ്പൽ മനുഷ്യജീവിതത്തിന്റെ ഭാഗമാണ്. ഉള്ളവന് വീണ്ടും സമ്പാദിക്കണമെന്നാഗ്രഹം. അവൻ ഒരിക്കലും ഇല്ലാത്തവനെപ്പറ്റി ചിന്തിക്കില്ല. തന്നെക്കാൾ കൂടുതൽ ഉള്ളവനെ നോക്കി എങ്ങനെയും അത്രയുമോ ഇരട്ടിയോ വെട്ടിപ്പിടിക്കുവാൻ തത്രപ്പെടുന്നു. പത്ത് ഏക്കർ ഉള്ളവന് ഇരുപതിനോടാർത്തി, രണ്ടുനില വീടുള്ളവനു നാലുനില പണിയാൻ വ്യഗ്രത, ചെറിയ വാഹനമുള്ളവനു വലിയ വാഹനം വാങ്ങിക്കാൻ മോഹം... കുന്നുകൂട്ടുക ഇന്നത്തെ ഫാഷനായി മാറിയിരിക്കുന്നു. വൻശേഖരങ്ങളുടെ ഉടമയായിരിക്കുന്നതിൽ അഭിമാനംകൊള്ളുന്നു. ഇവ നേടിയെടുക്കാൻ മനുഷ്യൻ സ്വന്തബന്ധങ്ങൾ നോക്കാതെ ആരെയും വെട്ടിനിരത്തും, എന്തും ചവിട്ടിത്താഴ്ത്തും. വർദ്ധിച്ചുവരുന്ന ദാമ്പത്യ അവിശ്വസ്തതകളും, സെക്സ് റാക്കറ്റുകളും, കുഴൽപ്പണങ്ങളും, കൊലപാതകങ്ങളുമെല്ലാം ഇതിന്റെ നിദർശനങ്ങളല്ലേ...

'ഒന്നും തികയാത്ത' ആധുനികലോകത്തിനു 'സ്വയം ദാനമാകലിന്റെ' മാതൃകയായി ദൈവപിതാവ് നല്കിയ വിശിഷ്ടരത്നമാണ് ദൈവദാസൻ ബിഷപ്പ് വില്യം ജകീൻതാ. പാപിയുടെ പാദം കഴുകാൻമാത്രം വിശാലമായ ഹൃദയമുള്ള ഈശോയുടെ ശുശ്രൂഷയിലേയ്ക്കാഴ്ന്നിറങ്ങുവാൻ സമ്പൂർണമായ സ്വയംദാനത്തിനു മാത്രമേ കഴിയൂ എന്ന് ദൈവദാസൻ അനുഭവിച്ചറിഞ്ഞു. കണക്കുകൾ കൂട്ടാതെ, പ്രതീക്ഷക്കു വിപരീതമായി സംഭവിച്ചപ്പോഴും പ്രതീക്ഷിച്ചുകൊണ്ട്, തന്നെ ദൈവം സൂക്ഷിക്കാനേല്പിച്ച അജഗണങ്ങൾക്കും മക്കൾക്കുംവേണ്ടി സ്വയം മറന്ന് ശുശ്രൂഷയേകി. തന്റെ സമയവും, പാണ്ഡിത്യവും, സമ്പത്തും, സാന്നിദ്ധ്യവും തനിക്കുള്ളതു മുഴുവനും വരവുനോക്കാതെ, പരാതികൂടാതെ അദ്ദേഹം ചെലവുചെയ്തു.

തീവൊളിരൂപതയുടെ മെത്രാനായി സേവനമനുഷ്ഠിച്ചപ്പോഴും തന്റെ അരമനയിലേക്കു കടന്നുവരുന്നവരെ സ്വീകരിക്കുവാൻ അദ്ദേഹത്തിന് ഒരു സഹായിപോലുമുണ്ടായിരുന്നില്ല. കടന്നുചെല്ലുന്നവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് അദ്ദേഹംതന്നെയായിരുന്നു അതിഥികളെ സ്വീകരിച്ചിരുന്നത്. ശരീരത്തിലും ആത്മാവിലും ബലഹീനരായിരുന്നവരെ അദ്ദേഹം തേടിയിറങ്ങി. ദൈവസ്നേഹത്തിന്റെ ബലം അവർക്കു നല്കി. ഊണുമേശയിലായിരിക്കുമ്പോൾ എല്ലാവർക്കും തികഞ്ഞു എന്നു കണ്ടതിനുശേഷമേ അദ്ദേഹം എടുത്തിരുന്നുള്ളു. എന്തെങ്കിലും പഴയസാധനങ്ങൾ തീർക്കാനുള്ളപ്പോൾ ആദ്യം അത് തനിക്കു നല്കുവാൻ ആവശ്യപ്പെട്ടു. അപരന്റെ ഇല്ലായ്മകളിലേക്കു തുറന്നിരിക്കുന്ന ഒരു ഹൃദയത്തിനു മാത്രമേ മനുഷ്യമനസ്സുകളെ മാറ്റിമറിയ്ക്കാനാവൂ എന്നദ്ദേഹം വിശ്വസിച്ചിരുന്നു. "ചവച്ചരയപ്പെടുന്ന അപ്പമാകാനും, മറ്റുള്ളവർക്ക് ചവിട്ടിക്കയറാനുള്ള 'ചവിട്ടുമെത്ത'കളാകാനും ആരാലും ശ്രദ്ധിക്കപ്പെടാത്തതും എന്നാൽ എല്ലാവരാലും ഉപയോഗിക്കപ്പെടുന്നതുമായ 'വായു' പോലെയാകുവാനും കഴിഞ്ഞെങ്കിൽ മാത്രമേ കുടുംബവും സമൂഹവും സാഹോദര്യപൂർണമാകൂ" ...


നമുക്കും മത്സരബുദ്ധിയോടെ ശ്രമിക്കാം... നമ്മുടെ ജീവിതം ഒരവകാശപ്പെടലാകാതെ കൊടുക്കലായിത്തീരുവാൻ... യാതൊരു വ്യവസ്ഥയുമില്ലാത്ത കൊടുക്കൽ.

നമുക്കു പ്രാർത്ഥിക്കാം: ദിവ്യഈശോയെ, നിന്നെപ്പോലെ മറ്റുള്ളവർക്കു ദാനമായിത്തീരുവാൻ, സ്വീകരണത്തിന്റെയും ക്ഷമയുടെയും കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും കാരുണ്യത്തിന്റെയും ദാനമായിത്തീരുവാൻ, എന്നെ സഹായിക്കണമേ. ആമ്മേൻ.

**ജെനി കഴുന്നടിയിൽ**

**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


# പ്രതീക്ഷയുടെ പൂമൊട്ടുകൾ



**വാല്യം 32 ഉയിർപ്പ് ലക്കം 2014**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481–2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ഉത്ഥിതനായ മിശിഹായിലുള്ള ജീവിതം 03
- മരുഭൂമിയിൽ വിരിഞ്ഞ പനിനീർപ്പൂക്കൾ 05
- പിതൃമൊഴി 07
- വിശുദ്ധിയുടെ ഛായയുള്ള കുടുംബങ്ങൾ 08
- ഭാരതസഭയുടെ വി. മുത്തുകൾ 11
- മരിച്ചവരുടെ ഇടയിൽനിന്നും ജനിക്കുക 13
- ഉയിർപ്പ് 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 16–17
- BE A MIRACLE AND DO A MIRACLE 18
- അവൻ ജീവിക്കുന്ന ദൈവമാണ് 20
- കനൽ വഴികളിൽ കത്തിനിന്ന ഉത്ഥാന ദീപ്തി 22
- സന്തോഷമുള്ളവരായിരിക്കുക 25
- ശകലത്തിന്റെയും നാഥൻ 27
- കല്ലറയ്ക്കപ്പുറമെത്തുന്ന സ്നേഹം 29
- സെനക്കിൾ തരംഗം 31
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 32

## എഡിറ്റോറിയൽ

# ഉത്ഥിതന്റെ വെളിച്ചം



യഥാർത്ഥവും നിലനില്ക്കുന്നതുമായ ആനന്ദം പ്രദാനംചെയ്യുന്ന സ്വർഗ്ഗീയചിന്തകളുമായി ഉയിർപ്പുകാലം വീണ്ടുമെത്തിയിരിക്കുന്നു. മരണത്തെ കീഴടക്കി ഉത്ഥാനത്തിന്റെ മഹത്ത്വത്തിലേക്കു പ്രവേശിച്ച മിശിഹായുടെ ജീവിക്കുന്ന സാന്നിദ്ധ്യത്തിലേക്ക് എല്ലാവരും കണ്ണുതുറക്കേണ്ടതുണ്ട്. എന്നാൽ ദുഃഖത്തിന്റെയും പരിഭ്രാന്തിയുടെയും ഒറ്റപ്പെടലിന്റെയും ഭാവിയെക്കുറിച്ചുള്ള ആധിയുടെയുമൊക്കെ അനുഭവങ്ങളും സാഹചര്യങ്ങളും ജീവിതത്തെ അന്ധമാക്കുമ്പോൾ ഉത്ഥിതന്റെ പ്രകാശം തിരിച്ചറിയാൻ പലർക്കുമാവുന്നില്ല. ജീവിച്ചിരുന്നപ്പോൾ ഈശോയോടൊത്ത് ഉണ്ടും ഉറങ്ങിയും കഴിഞ്ഞിരുന്ന ശിഷ്യന്മാർക്ക് ആദ്യം സംഭവിച്ചതും അതാണ്.

ഈശോയുടെ ഉത്ഥാനം ദൈവത്തിന്റെ പ്രവൃത്തിയാണ്: "ദൈവം അവനെ ഉയിർപ്പിച്ചു" (നട 2,24.32). ഉത്ഥാനത്തിലുള്ള വിശ്വാസം ദൈവത്തിന്റെ രക്ഷാകരവെളിപ്പെടുത്തലിനുള്ള പ്രത്യുത്തരമാണ്. സുവിശേഷങ്ങളിലെ വിവരണപ്രകാരം ഉത്ഥിതന്റെ ദർശനം ആദ്യം ലഭിച്ചത് മഗ്ദലേനമറിയത്തിനാണ് (യോഹ 20,1-18). ലോകദൃഷ്ടിയിൽ ഒരു യോഗ്യതയുമില്ലാതിരുന്നവൾ ആ അനുഗ്രഹം നേടിയെടുത്തത് ദൈവത്തിന്റെ രക്ഷാകരസ്നേഹം ഈശോയിലൂടെ അനുഭവിച്ചറിയുവാൻ ഇടയായതുകൊണ്ടും അതിന് വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ പ്രത്യുത്തരിക്കുവാൻ സാധിച്ചതുകൊണ്ടുമാണ്. ശൂന്യമായ കല്ലറ കണ്ടശേഷം ശിഷ്യന്മാർ മടങ്ങിപ്പോയപ്പോഴും (യോഹ 20,10) അവൾ തിരിച്ചുപോയില്ല. ശൂന്യമായ കല്ലറയ്ക്കുമുമ്പിലുള്ള അവളുടെ കാത്തിരുപ്പ് വ്യർത്ഥമായില്ല.

കല്ലറയിലേക്ക് 'കുനിഞ്ഞു' നോക്കിയപ്പോഴാണ് മറിയം ദൈവദൂതന്മാരെ കണ്ടത് (യോഹ 20,11). അതുപോലെ 'പുറകോട്ടു തിരിഞ്ഞുനോക്കി'യപ്പോഴാണ് ഈശോയെ അവൾ കണ്ടത് (യോഹ 20,14). ദൈവസാന്നിദ്ധ്യം തിരിച്ചറിയാൻ എളിമയും മാനസാന്തരവും ആവശ്യമാണെന്ന സൂചനയും ഇവിടെയുണ്ടാകാം. അന്ധകാരം നിറഞ്ഞ ജീവിതാനുഭവങ്ങൾക്കു മുമ്പിൽ ഉത്ഥിതന്റെ വെളിച്ചം ലഭിക്കാനായി നമുക്കു കാത്തിരിക്കാം. സ്നേഹത്തോടെ, വിശ്വാസത്തോടെ, ക്ഷമയോടെ, എളിമയോടെ, മാനസാന്തരത്താൽ തപിക്കുന്ന ഹൃദയത്തോടെ കാത്തിരിക്കാം. ഏവർക്കും ഉത്ഥാനതിരുനാളിന്റെ ആശംസകൾ!

**ചീഫ് എഡിറ്റർ**





**സെനക്കിൾ ആദ്ധ്യാത്മികത - 19**



# ഉത്ഥിതനായ മിശിഹായിലുള്ള ജീവിതം

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

ഉത്ഥാനശേഷം ശിഷ്യരുമായി അവിടുന്ന് എങ്ങനെയായിരിക്കും ബന്ധം പുലർത്തുന്നതെന്ന് അന്ത്യപ്രഭാഷണത്തിന്റെ അവസാനഭാഗത്തു സൂചിപ്പിക്കുന്നുണ്ട്. ശരീരത്തോടുകൂടി അവിടുന്ന് അവരോടുകൂടി ഈ ലോകത്തിൽ ആയിരുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ബന്ധമായിരിക്കും ഉത്ഥാനശേഷം അവിടുന്ന് അവരുമായി പുലർത്തുക. ഇതെപ്പറ്റി വ്യക്തമായി ഈശോ ശിഷ്യന്മാരോടു പറയുന്ന ഭാഗമാണ് യോഹന്നാന്റെ സുവിശേഷം 16-ാം അദ്ധ്യായം 25 മുതൽ 28 വരെയുള്ള വാക്യങ്ങൾ. ഉത്ഥാനശേഷം ഈശോയോടൊത്തുള്ള ജീവിതം, അവിടുത്തോടൊത്ത് ഈ ലോകത്തിൽ ജീവിച്ച ശിഷ്യന്മാർക്ക്, തികച്ചും അപ്രതീക്ഷിതവും അപരിചിതവുമായിരുന്നു. അതുകൊണ്ട് അതെപ്പറ്റി ഈശോ ശിഷ്യന്മാരെ മുൻകൂട്ടി ബോധവൽക്കരിക്കുകയാണ്.

### ഉപമകളിലൂടെയല്ലാതെ സംസാരിക്കുന്ന ഈശോ

"ഉപമകൾ വഴിയാണ് ഇതെല്ലാം ഞാൻ നിങ്ങളോടു പറഞ്ഞത്. ഉപമകൾ വഴിയല്ലാതെ ഞാൻ നിങ്ങളോടു സംസാരിക്കുന്ന സമയം വരുന്നു" (16,25). ഈ ലോകത്തിലായിരുന്നപ്പോൾ തന്റെ പരസ്യജീവിതത്തിൽ ശിഷ്യന്മാരെ ഈശോ പല കാര്യങ്ങളും ഉപമകളിലൂടെ പഠിപ്പിച്ചു. ഈശോയുടെ ഉപമകളിലൂടെയുള്ള പ്രബോധനങ്ങൾക്ക് സമാന്തരസുവിശേഷങ്ങൾ വ്യക്തമായ സാക്ഷ്യം നല്കുന്നുണ്ട്. മത്തായിസുവിശേഷകൻ അതു പ്രത്യേകം എടുത്തു പറയുന്നുണ്ട്: "ഇതെല്ലാം ഈശോ ഉപമകൾവഴിയാണ് ജനക്കൂട്ടത്തോട് അരുളിച്ചെയ്തത്. ഉപമകളിലൂടെയല്ലാതെ അവൻ ഒന്നും അവരോടു പറഞ്ഞിരുന്നില്ല" (13,34). ഈ ലോകത്തിലായിരിക്കുമ്പോൾ പ്രബോധനങ്ങൾ മനസ്സിലാക്കുവാൻ ഉപമകൾ സഹായിക്കും. പലപ്പോഴും അത് ആവശ്യകവുമായിരിക്കും. എന്നാൽ ഉത്ഥാനശേഷമുള്ള ഈശോയുടെ

പ്രബോധനം മാനുഷികമായ രീതിയിൽ നല്കപ്പെടുന്ന ഒന്നല്ല. ഉത്ഥാനത്തിലൂടെ ഈശോ അരൂപിയായി മാറിയതുകൊണ്ട് ഉത്ഥാനശേഷമുള്ള ഈശോയുടെ പ്രബോധനം സഹായകനായ പരിശുദ്ധാരൂപിയിലൂടെയായിരിക്കും നല്കപ്പെടുക (യോഹ 14,26; 16,12-15). ഈ പ്രബോധനം ശിഷ്യന്മാരെ ദൈവപിതാവിനെക്കുറിച്ചുള്ള അറിവിലും അനുഭവത്തിലും വളർത്തും.

**മിശിഹായുടെ നാമത്തിൽ പ്രാർത്ഥിക്കുന്ന ശിഷ്യസമൂഹം**

ഉത്ഥാനശേഷമുള്ള ശിഷ്യരുടെ പ്രാർത്ഥനയെപ്പറ്റി ഈശോ പറയുന്നു: "അന്നു നിങ്ങൾ എന്റെ നാമത്തിൽ ചോദിക്കും; ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോടു പ്രാർത്ഥി ക്കാം എന്നു പറയുന്നില്ല. കാരണം പിതാവുതന്നെ നിങ്ങളെ സ്നേഹിക്കുന്നു. എന്തെന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കുകയും ഞാൻ ദൈവത്തിൽനിന്നു വന്നുവെന്നു വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (16,26-27). ഈ ലോകത്തിലായിരുന്നപ്പോൾ ഈശോ ശിഷ്യരോടൊത്തും ശിഷ്യർക്കുവേണ്ടിയും പ്രാർത്ഥിച്ചിരുന്നു (യോഹ 17,1-26). എന്നാൽ ഉത്ഥാനശേഷം അങ്ങനെ പ്രാർത്ഥിക്കാൻ ഈശോയ്ക്കു സാധിക്കുകയില്ല. കാരണം, ഈശോ അരൂപിയായി മാറി. അരൂപിയായി മാറിയതുകൊണ്ട് അവരിൽ വസിക്കുവാൻ ഈശോയ്ക്കു കഴിയും. അങ്ങനെ അവരിൽ വസിക്കുന്ന അവസ്ഥയിൽ ഈശോയുമായുള്ള ഐക്യത്തിൽ അവർക്ക് പ്രാർത്ഥിക്കുവാൻ കഴിയും. അങ്ങനെ ഈശോയുമായുള്ള ഐക്യത്തിൽ പ്രാർത്ഥിക്കുന്നതിനെയാണ് 'അവിടുത്തെ നാമത്തിൽ പ്രാർത്ഥിക്കുക' എന്നു വിശേഷിപ്പിക്കുന്നത്. സഭയിൽ ഈശോ വസിക്കുന്നതുകൊണ്ട് സഭയുടെ പ്രാർത്ഥന മിശിഹായുടെ നാമത്തിലുള്ള പ്രാർത്ഥനയാണ്. മിശിഹായിൽ ഒന്നായി നിന്നുകൊണ്ട് മിശിഹായിൽ വിശ്വസിക്കുന്ന സമൂഹമായ സഭ പിതാവിനോടു പ്രാർത്ഥിക്കുമ്പോൾ ആ പ്രാർത്ഥന പിതാവിനോടുള്ള സ്നേഹബന്ധത്തിന്റെ പ്രകാശനമായിത്തീരുന്നു.

**പിതാവിൽനിന്നും വന്ന മിശിഹാ**

"ഞാൻ പിതാവിൽനിന്നു പുറപ്പെട്ട് ലോകത്തിലേക്കുവന്നു" (16,28[a]). പിതാവിൽനിന്നു പുറപ്പെട്ടാണ് താൻ ലോകത്തിലേക്കു വന്നതെന്ന് ഈശോ എടുത്തുപറയുന്നു. ഈശോയുടെ വരവിന്റെ ലക്ഷ്യം ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുക എന്നതായിരുന്നു. ഈശോ ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തിയത് പിതാവെന്ന നിലയ്ക്കാണ്: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1,18). ദൈവവുമായുള്ള തന്റെ പിതൃപുത്രബന്ധം ജീവിച്ചുകൊണ്ടാണ് ഈശോ തന്റെ മെസയാനികദൗത്യം നിർവഹിച്ചത്. അവിടുത്തെ മെസയാനികദൗത്യം രക്ഷാകരസ്വഭാവമുള്ളതായിരുന്നു. അതായത്, ദൈവത്തെ പിതാവായി വെളിപ്പെടുത്തുന്നതോടൊപ്പം അവിടുന്ന് മനുഷ്യകുലത്തെ മുഴുവൻ ദൈവവുമായുള്ള പിതൃപുത്രബന്ധത്തിലേയ്ക്കാനയിക്കുകയും ചെയ്തു. പാപത്തിന്റെ ഫലമായി ദൈവവുമായുള്ള ബന്ധത്തിൽനിന്നും വേർപെട്ടുപോയ മനുഷ്യനെ അവിടുന്നു പാപത്തിൽനിന്നും രക്ഷിച്ച് പിതൃപുത്രബന്ധത്തിൽ പുനരുദ്ധരിച്ചു: "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (യോഹ 1,12).

**പിതാവിന്റെ അടുത്തേക്കു പോകുന്ന മിശിഹാ**

"ഇപ്പോൾ വീണ്ടും ലോകംവിട്ട് പിതാവിന്റെ അടുത്തേക്കു പോകുന്നു" (16,28[b]). തന്റെ പീഡാനുഭവമരണോത്ഥാനങ്ങളിലൂടെ വീണ്ടും പിതാവിനോടൊപ്പം തനിക്കുള്ള മഹത്ത്വത്തിലേക്ക് ഈശോ പ്രവേശിക്കുവാൻ പോകുന്നു. പിതാവിനോടൊപ്പം തനിക്കുണ്ടായിരുന്ന പുത്രസഹജമായ മഹത്ത്വം ത്യജിച്ചാണ് അവിടുന്നു മനുഷ്യനായി പിറന്നത് (ഫിലി 2,6-8). ഇതു തന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കി വീണ്ടും തന്റെ ദൈവികമഹത്ത്വത്തിൽ പ്രവേശിക്കുവാൻവേണ്ടിയായിരുന്നു. പുത്രസഹജമായ ദൈവികമഹത്ത്വത്തിലേക്കുള്ള അവിടുത്തെ പുനഃപ്രവേശനം ഒറ്റപ്പെട്ടായിരുന്നില്ല. തന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ഫലമായി, നഷ്ടപ്പെട്ട ദൈവപുത്രത്വം വീണ്ടെടുത്ത അനേകം സഹോദരരുമൊത്തായിരുന്നു: "ആർക്കു വേണ്ടിയും ആരു മൂലവും എല്ലാം നിലനില്ക്കുന്നുവോ, ആര് അനേകം പുത്രന്മാരെ മഹത്ത്വത്തിലേക്കു നയിക്കുന്നുവോ ആ രക്ഷയുടെ കർത്താവിനെ അവിടുന്നു സഹനംവഴി പരിപൂർണ്ണനാക്കുക തികച്ചും ഉചിതമായിരുന്നു" (ഹെബ്രാ 2,10). വി. അത്തനാസിയോസും അദ്ദേഹത്തിനുശേഷം അനേകം സഭാപിതാക്കന്മാരും സാക്ഷ്യപ്പെടുത്തുന്നതുപോലെ, "ദൈവം മനുഷ്യനായത് മനുഷ്യനെ ദൈവമാക്കാനാണ്".







# മരുഭൂമിയിൽ വിരിഞ്ഞ പനിനീർപ്പൂക്കൾ

ജിസ കൂട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

40 ഡിഗ്രി ചൂടുള്ള ഒരു മദ്ധ്യാഹ്നത്തിൽ ചുട്ടുപൊള്ളുന്ന ഭൂമിയെ നോക്കിയപ്പോൾ അറിയാതെ പ്രാർത്ഥിച്ചുപോയി... ദൈവമേ, ഒരു മഴ പെയ്തിരുന്നെങ്കിൽ... മുകളിൽ തീതുപ്പുന്ന സൂര്യൻ എന്നെ നോക്കി പരിഹസിച്ചു ചിരിച്ചു. പൊന്നുപോലെ നട്ടുവളർത്തിയ ചെടികളെല്ലാം വാടിതുടങ്ങിയിരിക്കുന്നു. അധികം താമസിക്കാതെ അവ കരിഞ്ഞുപോകും തീർച്ച! നിസഹായതയോടെയും അതിലേറെ നിരാശയോടെയും നിന്ന നിമിഷങ്ങളിൽ കണ്ട ഒരു കാഴ്ച അത്ഭുതപ്പെടുത്തുന്നതായിരുന്നു. മുറ്റത്തെ പാറക്കല്ലിനിടയിൽ വാടാതെ നില്ക്കുന്ന ഒരു കൊച്ചുചെടി. അതിൽ വയലറ്റും വെള്ളയും ചേർന്ന രണ്ടു മനോഹരപുഷ്പങ്ങൾ. സൂര്യനോടു പരിതപിക്കാതെ, മഴ പെയ്യാത്തതിൽ പരിഭവമില്ലാതെ, കരിഞ്ഞുപോകുമോ എന്ന ഭയമില്ലാതെ നിന്ന ആ പുഷ്പങ്ങൾ എന്നെ ലജ്ജിപ്പിച്ചു.

ചുടുകാറ്റിലും വാടാതെ നിന്ന ആ കൊച്ചു പൂക്കൾ അപ്പോൾ ഓർമ്മപ്പെടുത്തി മറ്റു രണ്ടു മനോഹരപുഷ്പങ്ങളെ. ഏതാണ്ട് ഒരു മാസം മുമ്പ് കണ്ടുമുട്ടിയതാണ് അവരെ - വിന്നിയും അന്നുവും. കാഞ്ഞിരപ്പള്ളി രൂപതയിലെ തച്ചപ്പുഴ എന്ന കൊച്ചിടവകയിൽ പുളിക്കൽ വീട്ടിൽ തങ്കച്ചന്റെയും കൊച്ചുറാണിയുടെയും പൊന്നോമനമക്കൾ. ശൈശവത്തിലും ബാല്യത്തിലുമെല്ലാം കൊച്ചുപൂമ്പാറ്റകളെപ്പോലെ വീട്ടിലും സ്കൂളിലും പാറിപ്പറന്നു നടന്നു ഈ സഹോദരിമാർ. ദൈവം നല്കിയ ഈ ജീവിതത്തെക്കുറിച്ചുള്ള മനോഹരസ്വപ്നങ്ങളുമായി

അവർ കൗമാരത്തിലേക്ക് കാലെടുത്തുവച്ചു. ചെറിയ ചെറിയ തട്ടിവീഴ്ചകളിൽ ആരംഭിച്ചതാണ് അവരുടെ ജീവിതത്തിന്റെ മാറ്റം. നാമറിയാതെയും നമ്മെ സ്നേഹിക്കുന്ന ദൈവത്തിന് നമ്മെക്കുറിച്ച് ഒരു പദ്ധതിയുണ്ടെന്നത് വിശ്വസിക്കാൻ സാധിക്കാതെപോയ നിർണ്ണായകനിമിഷങ്ങൾ. ജീനിന്റെ തകരാറുകൾമൂലം മസ്സിലുകൾക്ക് ബലക്ഷയം സംഭവിക്കുന്ന രോഗമാണെന്ന് പിന്നീടാണറിഞ്ഞത്. മൂത്തവളായ വിന്നി 8-ാം ക്ലാസിൽ പഠിക്കുമ്പോഴാണ് ആ ദുരന്തം തിരിച്ചറിഞ്ഞത്. ഇൻഡോ-അമേരിക്കൻ ആശുപത്രിയിലായിരുന്നു ചികിത്സ. തനിയെ ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ. വേദനയില്ല എന്നതുമാത്രം ആശ്വാസം. ആരംഭദശയിലായിരുന്നതിനാൽ 10-ാം ക്ലാസ് പരീക്ഷയെഴുതി. എന്നാൽ പിന്നീടങ്ങോട്ട് ശരീരം ഇച്ഛക്കനുസരിച്ച് ചലിക്കാതായി. അപ്പയും അമ്മയും അനുജത്തിയും എപ്പോഴും അവൾക്കു തുണയായിരുന്നു.

എന്നാൽ ഇടിത്തീ വന്നുവീണപോലെ ആ കുടുംബം മറ്റൊരു സത്യം തിരിച്ചറിഞ്ഞു. +2 വിനു പഠിക്കുന്ന അനുജത്തിയും ചേച്ചിയുടെ പാതയിൽതന്നെ നീങ്ങുന്നു എന്ന യാഥാർത്ഥ്യം... ജീനിന്റെ തകരാർ ജന്മനാതന്നെ അവരുടെ ശരീരത്തിലുണ്ടെന്നും, അത് പ്രകടമാകാൻ ഇത്രയും താമസിച്ചു എന്നു മാത്രമേയുള്ളു എന്നും, സുഖപ്പെടാനുള്ള സാധ്യതകൾ അനതിവിദൂരത്തിലാണെന്നുമുള്ള വൈദ്യശാസ്ത്രത്തിന്റെ വിധിതീർപ്പുകൾ!! ഒരു കുടുംബം തകരാൻ ഇതിൽപരം എന്തുവേണം?

എന്നാൽ വിന്നിയുടെയും അന്നുവിന്റെയും പ്രിയപ്പെട്ട മാതാപിതാക്കൾ ജീവിതത്തെ തകർക്കുന്ന ദുരന്തത്തിൽ തകർന്നുപോയില്ല. തങ്ങളുടെ പൊന്നോമനമക്കൾ നേരിടേണ്ടിവരുന്ന രോഗത്തിന്റെ ഭീകരാവസ്ഥയെ അവർ ഹൃദയത്തിൽ സ്വീകരിച്ചു. ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന സകലതിനെയും ഹൃദയത്തിൽ ഏറ്റുവാങ്ങിയ പരി. അമ്മയിൽ അവർ അഭയം പ്രാപിച്ചു. തങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നതൊക്കെ ദൈവപദ്ധതിയാണെന്ന് അവർ ഏക സ്വരത്തിൽ പറയുന്നു.

അതാകാം അവരുടെ മുഖത്ത് ഞങ്ങൾക്കു കാണാൻ സാധിച്ച വലിയ സമാധാനവും സന്തോഷവും. "ഞങ്ങളുടെ വീടിനേക്കാൾ വലിയ ശാന്തതയാണ് ആ വീട്ടിലുള്ളത്" എന്ന് ഒരു അയൽപക്കക്കാരിയുടെ സാക്ഷ്യം.

ഈ രോഗം വന്നതിനുശേഷമാണ് തങ്ങൾ ദൈവത്തിന്റെ വലിയ സ്നേഹത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയതും അനുഭവിച്ചറിഞ്ഞതും എന്ന് സ്വതസിദ്ധമായ പുഞ്ചിരിയോടെ വിന്നിയും അന്നുവും പങ്കുവയ്ക്കുന്നു. അതുകൊണ്ടുതന്നെയാകാം ജീവിതത്തിലെ ഏറ്റം മനോഹരമായ തങ്ങളുടെ യുവത്വം വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിപ്പോയതിനെ ഓർത്ത് അവർക്ക് പരാതിയില്ലാത്തതും. " നീയല്ലേ എന്റെ യഥാർത്ഥ അപ്പൻ. അതുകൊണ്ട് എനിക്കിത് ചെയ്തുതന്നേ പറ്റൂ" എന്ന് താൻ ദൈവത്തെ വാശിപ്പിടിപ്പിക്കാറുണ്ടെന്ന് വിന്നി പറയുമ്പോൾ ഒരു പിഞ്ചുകുഞ്ഞിന്റെ നിഷ്കളങ്കത അവളുടെ മുഖത്ത് പ്രകാശിച്ചു.

യഥാസമയം മരുന്നുകൊടുത്തില്ലെങ്കിൽ അവരുടെ ശരീരം വെട്ടിവിറയ്ക്കാൻ തുടങ്ങും. അമ്മ കൊച്ചുറാണിയും പിതാവ് തങ്കച്ചനും തങ്ങളുടെ ജീവിതവും സമയവും ആരോഗ്യവും മുഴുവനും ഇവർക്കുവേണ്ടി മാറ്റി വച്ചിരിക്കുകയാണ്. ഹൃദയത്തിൽ തിങ്ങുന്ന വേദനയുള്ളപ്പോഴും, കണ്ണിൽനിന്ന് കണ്ണീർകണങ്ങൾ പൊഴിയുമ്പോഴും മറ്റുള്ളവർക്ക് പുഞ്ചിരി സമ്മാനിക്കാൻ അവർ മറക്കുന്നില്ല. മൂത്തയാൾക്ക് രോഗം തുടങ്ങിയിട്ട് ഇപ്പോൾ 13 വർഷമായി. കടന്നുപോയ വർഷങ്ങളിലെല്ലാം ദൈവത്തിന്റെ വലിയ സ്നേഹവും പരിപാലനയും ജീവിതത്തിൽ അനുഭവിക്കാനായി എന്നത് അവരുടെ സ്വന്തം അനുഭവം. സഹനമരുഭൂമിയിൽ വിടർന്ന ഈ കൊച്ചുപനിനീർപ്പൂക്കളെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ പാറക്കല്ലിനിടയിൽ എല്ലാ പ്രതിസന്ധികളെയും പ്രതികൂലസാഹചര്യങ്ങളെയും അവഗണിച്ച് വിരിഞ്ഞുനില്ക്കുന്നതായി ഞാൻ കണ്ട കൊച്ചുപുഷ്പങ്ങൾക്ക് വിന്നിയുടെയും അന്നുവിന്റെയും മുഖമാണെന്ന് എനിക്കു തോന്നി.












# മറ്റുള്ളവർക്ക് നാം സ്നേഹത്തിന്റെ കൂദാശയായിരിക്കുക


മങ്ങാടൻ

"എന്റെ ഉദ്ദേശശുദ്ധി അവർ മനസ്സിലാക്കിയില്ലല്ലോ" എന്നു പതം പറഞ്ഞാണ് രേണു കരച്ചിലാരംഭിച്ചത്. 'എനിക്ക് അത്ര ആകാമായിരുന്നിട്ടൊന്നുമല്ല ഞാനവർക്കുവേണ്ടി ഇത്രയും ത്യാഗത്തോടെ ശുശ്രൂഷ ചെയ്തത്. എന്നിട്ടും മനസ്സറിയാതെ ചെയ്ത കാര്യത്തിന്മേൽ അവരെല്ലാവരും ചേർന്ന് എന്നെ നൊമ്പരപ്പെടുത്തിയില്ലേ...' പലപ്പോഴും പലരിൽനിന്നും കേൾക്കേണ്ടി വന്നിട്ടുള്ള വാക്കുകൾ... ഏതൊരു വ്യക്തിയും ആഗ്രഹിക്കുകയും ദാഹിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ് എല്ലാവരും എന്നെ മനസ്സിലാക്കണം, സ്നേഹിക്കണം എന്നുള്ളത്. എത്ര നിസ്വാർത്ഥസ്നേഹം തന്നവരെയും ഒരൊറ്റ നിമിഷംകൊണ്ട് തള്ളിപ്പറഞ്ഞ് അവരുടെമേൽ കുച്ചുപ്പുടി ചവിട്ടുന്നവരാണേറെയും. ലോകം പലപ്പോഴും അങ്ങനെയാ...

ഇത്തരം അനുഭവങ്ങളിലാണ് 'അവൻ' നമുക്കു ശക്തിയാകേണ്ടത്. ജീവിതത്തിലുടനീളം പ്രതിഫലം പ്രതീക്ഷിക്കാതെ നന്മ ചെയ്തു കടന്നുപോയവൻ... ചെയ്തുകൊടുത്ത പല ഉപകാരങ്ങളും മറ്റാരും അറിയരുതെന്ന് ശാഠ്യം പിടിച്ചവൻ... സ്വന്തം ആരോഗ്യം വകവയ്ക്കാതെ, ക്ഷീണം കാര്യമാക്കാതെ ജനക്കൂട്ടത്തോടൊപ്പം അലഞ്ഞവൻ... വിശ്രമം തെല്ലുമില്ലാത്ത ദിനങ്ങളായിരുന്നു ഏറെയും. കാൽവരിയിൽ ജീവൻ ഹോമിച്ചവൻ, ഇന്ന് അനുദിനം ബലിയായി തീരുന്നവൻ സ്വന്തം ജീവിതംവഴി നമ്മെ ഓർമ്മപ്പെടുത്തുന്നത് ഇപ്രകാരമാണ് - യഥാർത്ഥസ്നേഹം വേദന ഏറ്റുവാങ്ങുന്ന സ്നേഹമാണ്. നഷ്ടത്തിന്റെയും നന്ദിയുടെയും കണക്കുകൾ പറയാതെ, തന്നെത്തന്നെ മുറിച്ചു നല്കുന്നതിൽ സന്തോഷം കണ്ടെത്തുക. തിരിച്ചുകിട്ടുന്നതിനെക്കുറിച്ച് ചിന്തിക്കാതെ നിർലോഭം അപരനിലേക്ക് അവനാവശ്യമുള്ളതെല്ലാം ഒഴുക്കുക.

സ്നേഹത്തിന്റെ പ്രവാചകനായ, വിശുദ്ധിയുടെ വാഹകനായ ദൈവദാസൻ ബിഷപ്പ് വില്യം ജക്വീൻതാപിതാവ് നമ്മോടു പറയുന്നു: "മറ്റുള്ളവർക്ക് നാം സ്നേഹത്തിന്റെ കൂദാശയായിത്തീരുക". ഇതുതന്നെയാണ് ഓരോ ക്രൈസ്തവന്റെയും വിളി. കുടുംബജീവിതത്തിൽ, സമൂഹജീവിതത്തിൽ നഷ്ടങ്ങളുടെയും നന്ദിയുടെയും കണക്കുപറയാതെ സ്നേഹത്തിന്റെ കൂദാശയാവുക... പരിശുദ്ധ കുർബാനയനുഭവമാകുക എന്നർത്ഥം! മുറിച്ചു തന്നെത്തന്നെ നല്കുന്ന അനുഭവം... ഈ അനുഭവം സ്വന്തമാക്കുകവഴി സ്വർഗമായിത്തീരട്ടെ നിങ്ങളുടെ ജീവിതം.

കുടുംബ വിശുദ്ധി



# വിശുദ്ധിയുടെ ഛായയുള്ള കുടുംബങ്ങൾ

**മിനി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*"അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവത്തിന്റെ ഛായയിൽ അവിടുന്നു അവനെ സൃഷ്ടിച്ചു; സ്ത്രീയും പുരുഷനുമായി അവനെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു; സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ"* (ഉൽപ 1,27-28).

**ദൈവത്തിന്റെ ഛായ-വിശുദ്ധിയുടെ ഛായ**

സഹനം കൂടാതെ കിരീടമോ മരണം കൂടാതെ ഉത്ഥാനമോ ഇല്ല. വിശുദ്ധി കൂടാതെ ദൈവത്തെ കാണുവാനോ പ്രസാദിപ്പിക്കാനോ ആർക്കുമാവില്ല. ദൈവത്താൽ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പരിശുദ്ധിയുടെ ഛായ നഷ്ടമാക്കാതെ തിരികെ ദൈവത്തിൽ എത്തിച്ചേരേണ്ടവനാണ്. പാപപ്രകൃതിയുള്ള മനുഷ്യൻ ബലഹീനനായതിനാൽ, നഷ്ടമാകുന്ന പരിശുദ്ധി വീണ്ടെടുത്തുനല്കാൻ ദൈവം തന്റെ പുത്രനെ നല്കി. നമ്മെ വിശു



ദ്ധീകരിക്കുന്നതിനായി പുത്രനായ മിശിഹാ നൊമ്പരങ്ങൾ സ്വമേധയാ ഏറ്റുവാങ്ങി. പുത്രന്റെ രക്തം വിലയായി നല്കിയത് വിശുദ്ധിയുടെ ഛായ നഷ്ടമാകാതിരിക്കാനാണ്. ഇന്ന് ലോകത്തിൻ നഷ്ടമായിക്കൊണ്ടിരിക്കുന്നതും മങ്ങിപ്പോകുന്നതും ഈ വിശുദ്ധിയുടെ മുഖമാണ്. ഇന്ന് ഈ വിശുദ്ധിയുടെ മുഖം വീണ്ടെടുക്കാൻ തിരുസ്സഭ നമുക്കു മുമ്പിൽ അനവധി മാർഗങ്ങൾ തരുന്നുണ്ട്. കുടുംബത്തിനു പ്രാധാന്യം നല്കി കുടുംബവിശുദ്ധിയെ സഭയിന്ന് ഒത്തിരി പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഓരോ വ്യക്തിയും വിശുദ്ധീകരിക്കപ്പെടണമെങ്കിൽ അടിസ്ഥാനപരമായി കുടുംബം വിശുദ്ധീകരിക്കപ്പെടണം. കാരണം ഓരോ വ്യക്തിയും രൂപംകൊള്ളുന്നത് ഓരോ കുടുംബത്തിലാണ്. അതിനാൽ ആഗോളസഭ കുടുംബത്തിന് വളരെയേറെ പ്രാധാന്യം നല്കുന്നു. നല്ല കുടുംബത്തിനേ വിശുദ്ധരായ മക്കളെ രൂപവത്കരിക്കാൻ സാധിക്കൂ. തിരുസഭയിൽ ഒരു കുടുംബം രൂപംകൊള്ളുന്ന വിശുദ്ധമായ നിമിഷങ്ങളാണ് വിവാഹമെന്ന കൂദാശ.

**എന്താണ് വിവാഹം? എന്താണ് കുടുംബം?**

ഏറ്റവും പ്രഥമമായി വിവാഹം ഒരു കൂദാശയാണ്. ദൈവം തന്റെ രക്ഷാകരപദ്ധതിയിൽ ഭാഗഭാക്കുകളാകാൻ - തന്റെ സൃഷ്ടികർമ്മത്തിൽ മനുഷ്യനെ പങ്കാളികളാക്കുവാൻ ദൈവം സ്ഥാപിച്ച മഹത്തായ കൂദാശയാണ് വിവാഹം. ദൈവികജീവിതത്തിൽ പങ്കുപറ്റുന്ന രണ്ടു മനുഷ്യവ്യക്തികളുടെ ബന്ധമാണ് ഭാര്യാഭർതൃബന്ധം. അതിനാൽതന്നെ അത് ലൗകികബന്ധത്തിനും ലൈംഗിക സ്നേഹത്തിനുമപ്പുറം ദൈവികസ്നേഹത്തിലേക്ക് ഉയർന്നുനില്ക്കുന്നതായിരിക്കണം. വൈകാരികസ്നേഹത്തേക്കാളുപരി നിരുപാധികം വ്യവസ്ഥകളില്ലാതെ പരസ്പരം ബലിയായി അർപ്പിക്കപ്പെടുന്ന സ്നേഹമാണ് വിവാഹജീവിതത്തിന്റെ അന്തസ്സത്ത. വിവാഹം ഒരടിസ്ഥാന ദൈവവിളിയാണ്. കാരണം മറ്റെല്ലാ ദൈവവിളികളുടെയും ഉറവിടം കുടുംബമാണ്. പുരുഷനും സ്ത്രീയും പരസ്പരം സമർപ്പിച്ചുകൊണ്ട് വിവാഹമെന്ന കൂദാശയിലൂടെ ഈശോയിൽ ഒന്നാകുമ്പോഴാണ് ക്രൈസ്തവകുടുംബം ആവിർഭവിക്കുന്നത്.

വിവാഹവും കുടുംബജീവിതവും ശ്രേഷ്ഠമായ ഒരു ജീവിതാന്തസ്സാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖ 47-ൽ പ്രതിപാദിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ വിവാഹത്തെ സ്നേഹത്തിന്റെ ഉടമ്പടിയായി കാണുന്നു. വിവാഹം ഒരു കൂദാശയായതിനാൽ വിശുദ്ധീകരണത്തിന് അത് നാന്ദികുറിക്കുന്നു. കൂദാശയെന്ന നിലയിൽ ദമ്പതികളുടെ വിശുദ്ധീകരണവും പുണ്യപൂർണതയും വിവാഹം ഉന്നംവയ്ക്കുന്നു. അതിനാലത്രേ ഈശോ ഇപ്രകാരം അരുൾചെയ്തത്: ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ (മത്താ 19,6).

മനുഷ്യൻ ഒറ്റപ്പെട്ട തുരുത്തോ, ദ്വീപോ ആയി അകലങ്ങളിൽ കഴിയേണ്ടവനല്ല, അവൻ ഒരു സമൂഹജീവിയാണ്. ശൂന്യതയിൽ നിന്നു സർവ്വതും സൃഷ്ടിച്ച ദൈവം തന്റെ സൃഷ്ടികളെല്ലാം നന്നായിരിക്കുന്നുവെന്നു കണ്ടു. എന്നാൽ ഒന്നു മാത്രമാണ് നന്നല്ല എന്നുകണ്ടത്. ഉൽപ. 2,18-ൽ ഇത് വ്യക്തമാക്കുന്നു: മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല, അവന് ചേർന്ന ഇണയെ ഞാൻ നല്കും. വിവാഹജീവിതത്തിലൂടെ രണ്ടു വ്യക്തികൾ ഒരു ശരീരമായി തീരുന്ന - സ്നേഹത്തിലും ജീവിതത്തിലും ഒരു സമൂഹമാകുന്ന, പരസ്പര പൂരകങ്ങളായി അന്യോന്യം സഹായികളായി മാറുന്ന ഒരു മഹത്തായ പ്രക്രിയയാണ് വിവാഹജീവിതത്തിലൂടെ സാക്ഷാത്കരിക്കപ്പെടുക. വ്യത്യസ്ത സാഹചര്യങ്ങളിലും സംസ്കാരത്തിലും കുടുംബപശ്ചാത്തലത്തിലും വളർന്നുവന്ന സ്ത്രീയും പുരുഷനും ജീവിതമാകുന്ന തോണിയിൽ ഒന്നിച്ചു തുഴഞ്ഞ് ജീവിതലക്ഷ്യം നേടേണ്ടവരാണ്. ഉൽപ 2,24; മത്താ 19,5 ലും പറയുന്നത് മറ്റൊന്നല്ല, അതിനാൽ പുരുഷൻ

മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായി തീരും.

രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ ഗാർഹികസഭയെന്നാണ് വിശേഷിപ്പിക്കുക. ദൈവം സ്ഥാപിച്ച പ്രഥമവും പ്രധാനവുമായ സ്ഥാപനമാണ് കുടുംബം. ദൈവപുത്രനായ ഈശോ മനുഷ്യനായി അവതരിച്ചത് ഒരു കുടുംബത്തിലാണ്. ഉത്കൃഷ്ടമായ മനുഷ്യത്വത്തിന്റെ വിദ്യാലയമാണ് കുടുംബം. വിവാഹത്തിലൂടെ ആവിർഭവിക്കുന്ന ഭാര്യാഭർതൃബന്ധം അഥവാ കുടുംബജീവിതം സമൃദ്ധമാകണമെങ്കിൽ – വിശുദ്ധമാകണമെങ്കിൽ നല്ല ജാഗ്രതയുള്ളവരാകണം. അതിനാൽ ദമ്പതികൾ ശാരീരികമായി മാത്രമല്ല വികാരങ്ങളിലും ചിന്തയിലും പെരുമാറ്റത്തിലും ആധ്യാത്മികവ്യാപാരങ്ങളിലും എല്ലാം പരസ്പരപൂരകങ്ങളാവണം. താലി കെട്ടി, മോതിരമിട്ട്, പുടവയണിയിച്ചാൽ എല്ലാമായിയെന്നു കരുതരുത്. എവിടെ സ്വാർത്ഥതയിൽനിന്ന് സ്വതന്ത്രമാക്കപ്പെടുന്ന സ്നേഹമുണ്ടോ, എവിടെ വിവാഹഉടമ്പടിയുടെ വിശ്വസ്തതയ്ക്കു സാക്ഷ്യം നല്കുന്നുവോ എവിടെ സഹനത്തിന്റെയും ത്യാഗത്തിന്റെയും ബലിയർപ്പണം ഉണ്ടാകുന്നുവോ അവിടെ വിവാഹത്തിന്റെ കൗദാശികത്വം സമ്പൂർത്തമാക്കപ്പെടുന്നു – കുടുംബം വിശുദ്ധീകരിക്കപ്പെടുന്നു.

**എന്താണ് വിശുദ്ധി**

വിശുദ്ധി സ്നേഹത്തിന്റെ പൂർണതയാണ്; ഒരു ദൈവവിളിയാണ്. പൂർണസ്നേഹത്തിന്റെ സവിശേഷതകൾ വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം പതിമൂന്നാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്: ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ് ... സ്നേഹം ദീർഘക്ഷമയുള്ളതും ദയയുള്ളതുമാണ്. അത് അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല, അനുചിതമായി പെരുമാറുന്നില്ല, സ്വാർഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല, അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു, വിശ്വസിക്കുന്നു, പ്രത്യാശിക്കുന്നു, സകലത്തെയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല...

ദൈവത്തിന്റെ ഈ സ്നേഹത്തിൽ ഒരാൾക്കു ജീവിക്കാനായാൽ അവൻ പൂർണമനുഷ്യനായി, വിശുദ്ധനായി. ദൈവത്തിന്റെ പരിശുദ്ധിയിൽ, ദൈവികജീവനിൽ വളരുവാനാണ് മാമോദീസായിലൂടെ ഓരോ വ്യക്തിയും വിളിക്കപ്പെട്ടിരിക്കുക. ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേരാനുള്ള അവകാശം മനുഷ്യന് ലഭിച്ചത് സീനായ് ഉടമ്പടിയിലൂടെയാണ്: ലേവ്യ 11,44–45 – ൽ ഇതു വ്യക്തമാണ് ഞാൻ നിങ്ങളുടെ ദൈവമായ കർത്താവാകുന്നു-നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും പരിശുദ്ധരായിരിക്കുകയും ചെയ്യുവിൻ. കാരണം ഞാൻ പരിശുദ്ധനാകുന്നു. നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ എന്തെന്നാൽ ഞാൻ പരിശുദ്ധനാകുന്നു. വീണ്ടും ലേവ്യർ 19,1–ൽ കർത്താവു മോശയോട് അരുൾചെയ്തു: ഇസ്രായേൽ സമൂഹത്തോടു പറയുക, നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്. പുതിയനിയമത്തിൽ ഈശോ പറയുന്നു: "നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ 5, 48).

ദൈവത്തിന്റെ സ്വന്തം ജനം ഈ വിശുദ്ധി കളങ്കമേല്ക്കാതെ കാത്തുസൂക്ഷിക്കേണ്ടവരാണ്. എന്നാലിന്ന് ദൈവജനം വിശുദ്ധിയും വിശുദ്ധിയുടെ സ്നേഹസവിശേഷതകളും ജീവിക്കാൻ മറന്നുപോകുന്നുവോ? ലോകത്തിന്റെ മാസ്മരികതയിൽ ക്രൈസ്തവമൂല്യങ്ങളുടെ തിളക്കം മാറ്റുരയ്ക്കപ്പെടുമ്പോൾ ലോകമായകളിലും മിഥ്യകളിലും ക്രൈസ്തവമൂല്യങ്ങളുടെ തിളക്കം നഷ്ടമാക്കാതെ അതിനെ പരിപോഷിപ്പിക്കേണ്ടതുണ്ട്.





# ഭാരതസഭയുടെ വിശുദ്ധ മുത്തുകൾ

റ്റെസി കറുകപ്പറമ്പിൽ

ഉത്ഥാനാഘോഷത്തിനുശേഷം വരുന്ന വെള്ളിയാഴ്ച സകലവിശുദ്ധരെയും അനുസ്മരിക്കുന്ന സീറോ മലബാർ സഭാവിശ്വാസികളായ നമുക്ക് ഇരട്ടിമധുരമെന്നപോലെ രണ്ടു വിശുദ്ധരെ ഔദ്യോഗികവണക്കത്തിനായി തിരുസഭ പ്രഖ്യാപിച്ചുകഴിഞ്ഞു. ഭാരതസഭയ്ക്ക് ഇത് ആനന്ദനിമിഷം... അഭിമാനമുഹൂർത്തം. ചാവറയച്ചനും എവുപ്രാസ്യാമ്മയും... സമൂഹത്തിനു പ്രകാശമേകിയ രണ്ടു വിശുദ്ധർ. നമ്മുടെയിടയിൽനിന്നും നമ്മെപ്പോലെ ജീവിച്ച്, എന്നാൽ പ്രതിസന്ധികളിലും സഹനങ്ങളിലും ദൈവത്തോടു ചേർന്നുനിന്നാൽ വിശുദ്ധരാകാം എന്ന മാതൃക നല്കിയരാണിവർ.



ചാവറയച്ചൻ 1805 ഫെബ്രുവരി 10 ന് ആലപ്പുഴയിലെ കൈനകരിയിൽ ജനിച്ചു. 1829 ൽ പുരോഹിതനായി. 1831 ൽ ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ സന്ന്യാസസഭ സ്ഥാപിച്ചു. സുറിയാനികത്തോലിക്കരുടെ ആദ്യത്തെ സെമിനാരിയും അച്ചടിശാലയും സ്ഥാപിച്ചതു ചാവറയച്ചനാണ്. 1871 ജനുവരി 3 ന് കൊച്ചിക്കടുത്തുള്ള കൂനമ്മാവിൽ നിര്യാതനായി. അവിടെനിന്ന് ഭൗതികാവശിഷ്ടം പിന്നീട് കോട്ടയത്തിനടുത്തു മാന്നാനത്ത് എത്തിച്ച് വീണ്ടും കബറടക്കി. 'ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം' എന്ന ചാവറയച്ചന്റെ പ്രഖ്യാപനമാണു സാർവത്രിക വിദ്യാഭ്യാസത്തിനു തുടക്കമിട്ടത്. അറിവും വിശുദ്ധിയും ആത്മീയഭക്ഷണമാകണം എന്നതായിരുന്നു ചാവറയച്ചന്റെ പാഠം. വിദ്യാഭ്യാസം സവർണ്ണരുടെ മാത്രം കുത്തകയായിരുന്ന കാലത്തു നാട്ടിലുടനീളം സഞ്ചരിച്ചു ജാതിയും മതവും അയിത്തവും കണക്കാക്കാതെ എല്ലാ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളെയും സ്കൂളിലെത്തിച്ചു. സംസ്കൃത

സ്കൂളുകൾക്കു പിന്നാലെ ഇംഗ്ലീഷ് സ്കൂളുകൾക്കും അദ്ദേഹം തുടക്കമിട്ടു. 1864 ൽ മാന്നാനത്ത് അദ്ദേഹം സ്ഥാപിച്ച പ്രസ്സിലാണ് നസ്രാണിദീപികയും (ഇന്നത്തെ ദീപികപത്രം), കർമ്മലകുസുമവുമടക്കം പത്രമാസികകളും അടിച്ചത്. പല ഭാഷകൾ പഠിച്ച അദ്ദേഹം ഒട്ടേറെ കാവ്യങ്ങളും, നാടകങ്ങളും, പ്രാർത്ഥനാപുസ്തകങ്ങളും രചിച്ചു. നൈർമല്യവും വിശാലതയുമായിരുന്നു ചാവറയച്ചന്റെ ഹൃദയത്തിന്റെ ഭാഷ. ദൈവവുമായുണ്ടായിരുന്ന അഗാധബന്ധമാണ് അദ്ദേഹത്തെ തികഞ്ഞ മനുഷ്യസ്നേഹിയും സാമൂഹിക പരിഷ്കർത്താവുമാക്കിയത്. **"19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരാൾ 20-ാം നൂറ്റാണ്ടിൽ ആദരപൂർവം അനുസ്മരിക്കപ്പെടുന്നുണ്ടെങ്കിൽ ആ വ്യക്തി 19-ാം നൂറ്റാണ്ടിൽ ജീവിച്ചുകൊണ്ടുതന്നെ 20-ാം നൂറ്റാണ്ടും 21-ാം നൂറ്റാണ്ടും സൃഷ്ടിച്ചയാളായിരിക്കും. അങ്ങനെയുള്ളവരെയാണ് യുഗസ്രഷ്ടാക്കൾ എന്നു വിളിക്കുന്നത്"** (ഡോ. സുകുമാർ അഴീക്കോട്). ഇന്നും ദിവ്യതേജസ്സായി നമ്മുടെ സഭയിൽ, കേരളസമൂഹത്തിൽ, ഭാരതസഭയിൽ എന്നല്ല ലോകം മുഴുവൻ ആ വിശുദ്ധിയുടെ പൊൻവെളിച്ചം പരക്കുകയാണ്.

"മരിച്ചാലും മറക്കില്ലാട്ടോ" എന്നു തന്നെ സമീപിക്കുന്നവരോടു പറഞ്ഞിരുന്ന എവുപ്രാസ്യാമ്മ 'പ്രാർത്ഥിക്കുന്ന അമ്മ' എന്നാണ് അറിയപ്പെട്ടിരുന്നത്. 1877 ഒക്ടോബർ 17 ന് ഇരിഞ്ഞാലക്കുടയിലെ 'കാട്ടൂരി'ലാണ് ജനിച്ചത്. 12-ാം വയസ്സിൽ ചാവറയച്ചൻ സ്ഥാപിച്ച കർമ്മലീത്താസഭയിൽ ചേർന്നു. 1900 ൽ വ്രതം സ്വീകരിച്ച് കന്യാസ്ത്രിയായി. 1952 ഓഗസ്റ്റ് 29 ന് 75-ാം വയസ്സിൽ അന്തരിച്ചു. മരണംവരെയും രോഗപീഡകൾ അലട്ടിയിരുന്നെങ്കിലും പ്രാർത്ഥനയിലും സഹനത്തിലും ഉറച്ചുനിന്നു. അങ്ങനെ രോഗത്തിലും സഹനത്തിലും മറയപ്പെടലിലും കഴിയുന്നവർക്കു മുമ്പിൽ മാതൃകയായി എവുപ്രാസ്യാമ്മ പുഞ്ചിരിതൂകി നില്ക്കുകയാണ് ഇപ്പോഴും... 'അവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു'. വിശുദ്ധാത്മാക്കളെല്ലാം ഈശോയാകുന്ന വെളിച്ചത്തോടു ചേർന്നുനിന്ന്, ജീവിച്ചയിടത്തിൽ നന്മയുടെ പ്രകാശം വിതറിയവരാണ്. നമുക്കും ഈ വിശുദ്ധാത്മാക്കളെ അനുകരിച്ച് വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറാം.



**"മരിച്ചാലും മറക്കില്ലാട്ടോ" എന്നു തന്നെ സമീപിക്കുന്നവരോടു പറഞ്ഞിരുന്ന എവുപ്രാസ്യാമ്മ 'പ്രാർത്ഥിക്കുന്ന അമ്മ' എന്നാണ് അറിയപ്പെട്ടിരുന്നത്.**








# മരിച്ചവരുടെയിടയിൽനിന്നും ജനിക്കുക

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

ഇടവകകഥകൾ എന്ന പുസ്തകത്തിൽനിന്നും വായിച്ച ഒരു സംഭവം താഴെ കുറിക്കുന്നു.

പഴയ അച്ചൻ മാറി പുതിയ അച്ചൻ വന്നിരിക്കുന്നു. അച്ചൻ വഴക്കു പറയില്ല. കുട്ടികൾ ചിരിച്ചാൽ കൂടെ ചിരിക്കും. പഴയ വികാരിയച്ചന്റെ യാതൊരു ഒരുക്കവുമില്ലാത്ത ക്രിസ്മസ്രാത്രി കുട്ടികൾ മറന്നിരുന്നു.

അന്നൊരിക്കൽ ക്രിസ്തുമസിന് തിരുക്കർമ്മങ്ങൾക്കു സമയമായപ്പോൾ തിരുക്കർമ്മങ്ങളുടെ പുസ്തകം കാണാനില്ല. മുമ്പിലത്തെ വർഷം പുൽക്കൂട് പൊളിച്ചുകളഞ്ഞ കൂട്ടത്തിൽ പോയിക്കാണും എന്നു പറഞ്ഞ് അച്ചൻ ചൂടാ

യി. അവസാനം ഉയിർപ്പുതിരുനാളിന്റെ പുസ്തകങ്ങൾ കിട്ടി. അതുവച്ച് പരിപാടികൾ തുടങ്ങാം എന്നായി കപ്യാർ. ഉയിർത്തു എന്നുള്ളിടത്ത് ജനിച്ചു എന്നു പറയുവാൻ അച്ചൻ ശുശ്രൂഷിക്ക് നിർദ്ദേശംകൊടുത്തു. തിരുക്കർമ്മങ്ങളുടെ മദ്ധ്യേ അൾത്താരബാലൻ വായിച്ചു: "നമ്മുടെ കർത്താവീശോമിശിഹാ മരിച്ചവരുടെ ഇടയിൽനിന്നും ജനിച്ചിരിക്കുന്നു"!!!

മരിച്ചവരുടെ ഇടയിൽനിന്നും ജനിക്കുക – അതാണ് ഉയിർപ്പ്. നിങ്ങൾ സ്നേഹത്തിനു മരിച്ചവരാണെങ്കിൽ, സ്നേഹത്തെ വീണ്ടെടുക്കണം. ക്ഷമ നിങ്ങളിൽ മരിച്ചുപോയെങ്കിൽ വീണ്ടും ക്ഷമയിൽ ഉയിർക്കണം. മാതാപിതാക്കളും ജീവിതപങ്കാളിയുമായിട്ടുള്ള ബന്ധങ്ങളിൽ മരിച്ചവരാണെങ്കിൽ ആ ബന്ധങ്ങളിൽ ഒരു ഉയിർപ്പുണ്ടാകണം.

50 ദിവസക്കാലം നോമ്പെടുത്തതിന്റെയും ഉപവസിച്ചതിന്റെയും ഫലമായി ജീവിതത്തിൽ ഒരു ഉയിർത്തെഴുന്നേല്പു നടക്കുന്നില്ലെങ്കിൽ യാതൊന്നും നാം നേടുന്നില്ല. പാപത്തിനു മരിച്ച് മിശിഹായിൽ വീണ്ടും ജനിക്കാനാണ് ഉയിർപ്പുതിരുനാൾ നമ്മെ ആഹ്വാനം ചെയ്യുന്നത്. അൻപതുദിവസത്തെ തപസുവഴി ഉപവാസത്താലും പ്രാർത്ഥനയാലും പശ്ചാത്താപത്താലും, പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും പ്രസാദിപ്പിക്കാൻ സാധിച്ചോ എന്ന് ഒരു ആത്മശോധന അനിവാര്യമാണ്.

കുട്ടിപിശാച് ഇരുന്നു കരയുകയാണ്. അതുവഴി കടന്നുപോയ ഈശോ ചോദിച്ചു: "എന്തിനാ നീ കരയുന്നത്?" പിശാചു പറഞ്ഞു: "മനുഷ്യരെല്ലാവരും നോമ്പും ഉപവാസവും എടുത്ത് മാനസാന്തരപ്പെട്ടിരിക്കുന്നു. ആരും ഇപ്പോൾ മദ്യപിക്കുന്നില്ല, ചീത്ത സിനിമകൾ കാണുന്നില്ല..." ഈശോ പറഞ്ഞു: "നീ വിഷമിക്കേണ്ട. അതൊക്കെ ഈസ്റ്റർ വരെയേ കാണൂ".

പ്രശ്നങ്ങൾ ഇവിടെയൊന്നും തീരുന്നില്ല. കർത്താവിന്റെ നില മെച്ചപ്പെടേണ്ട ആവശ്യമില്ല. നമ്മുടെയൊക്കെ ആത്മീയജീവിതത്തിന്റെ നില മെച്ചപ്പെടുത്തിയാൽ മതി. പാപത്തിന്റെയും പാപസാഹചര്യങ്ങളുടെയും കല്ലറയിൽ കിടക്കുന്ന നമുക്ക് പുതിയ ജീവിതത്തിലേക്ക് ഉയിർത്തെഴുന്നേല്ക്കാം. മിശിഹായിൽ വീണ്ടും ജനിക്കാം.

തന്റെ ഉയിർപ്പിനുമുമ്പ് ജായിറൂസിന്റെ മകളെയും നായീമിലെ യുവാവിനെയും ലാസറിനെയും മരിച്ചവരിൽനിന്നുയർപ്പിച്ച സംഭവങ്ങളിലെന്നപോലെ ഭൂമിയിലെ ജീവിതത്തിലേക്കുള്ള ഒരു തിരിച്ചുവരവായിരുന്നില്ല മിശിഹായുടെ ഉത്ഥാനം. ... ഒരു പ്രത്യേക നിമിഷത്തിൽ അവർ വീണ്ടും മരിക്കും. മിശിഹായുടെ ഉത്ഥാനം സത്താപരമായി വ്യത്യസ്തമാണ്. ഉത്ഥാനംചെയ്ത തന്റെ ശരീരത്തിൽ അവിടുന്നു മരണത്തിന്റെ അവസ്ഥയിൽനിന്നു കാലത്തിനും സ്ഥലത്തിനും അതീതമായ മറ്റൊരു ജീവിതത്തിലേക്കു കടക്കുന്നു. പുനരുത്ഥാനത്തിൽ ഈശോയുടെ ശരീരം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞു. മഹത്ത്വപൂർണ്ണമായ തന്റെ അവസ്ഥയിൽ അവിടുന്നു ദൈവികജീവനിൽ പങ്കുചേരുന്നു. അതുകൊണ്ടു മിശിഹാ "സ്വർഗ്ഗീയ മനുഷ്യൻ" (1 കൊറി 15,35-50) ആകുന്നുവെന്നു വി. പൗലോസിനു പറയാൻ കഴിയുന്നു (C C C 646)







# ഹൃദയത്തെ തൊട്ടവൾ "അമ്മ"




സി. ക്ലാര പറമ്പിൽ (ക്ലാരമ്മ)
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ജനനം: 23-02-1957
മരണം: 11-04-2014

കൂടുവിട്ടകന്നോരെന്നമ്മക്കിളീനിന്നെ
നെഞ്ചിന്റെ കൂട്ടിൽ ഞാൻ ചേർത്തുവയ്പ്പൂ
സ്വർഗീയഗേഹം അലങ്കരിച്ചീടുവാൻ
താതന്റെ ചാരത്തു ചേക്കേറിയല്ലോ നീ
നിന്നരികത്തണഞ്ഞതാം കുഞ്ഞിക്കിളികളെ
കരുതുന്ന സ്നേഹത്താൽ പറക്കുവാൻ പഠിപ്പിച്ചു
താങ്ങായി, തണലായി, വാത്സല്യത്തികവായി
കനിവിന്റെ ആൾരൂപമായിരുന്നെന്നും നീ
കഠിനാദ്ധ്വാനത്തിനു മാതൃക തന്നു നീ
ജീവിതസാക്ഷ്യത്തിൻ വിരുന്നായിരുന്നു നീ
അറിവായിരുന്നു നീ നിറവായിരുന്നു
നിൻ നിശബ്ദതപോലും 'വാക്കാ'യിരുന്നു
മൊഴിയാതെയേറെ മൊഴിഞ്ഞു നിൻ ജീവിതം
ചാരത്തുവരുവോർക്കു തണൽമരമായി നീ
ചിരിച്ചും കളിച്ചും കളികൾ പഠിപ്പിച്ചും
കളിക്കൂട്ടുകാരിയായ് കൂടെനടന്നു നീ
ഞങ്ങളമ്മയെന്നോമനപ്പേരിൽ വിളിച്ചെങ്കിൽ
അക്ഷരാർത്ഥത്തിൽ നീ 'അമ്മ'യായിരുന്നെന്നും
വിശാലഹൃദയത്തിന്നുടമയായിരുന്നു നീ
വിശാലസ്നേഹത്താലൊന്നാക്കി ഞങ്ങളെ
ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിളക്കായിരുന്നു നീ
വഴികാട്ടിയായി വിളങ്ങി നീയെന്നെന്നും
താതന്റെ ഭവനത്തിൽ പ്രഭ ചൊരിഞ്ഞീടുവാൻ
താരാപഥത്തിലലിഞ്ഞു മറഞ്ഞു നീ
വഴികാട്ടിയാണു നീ വഴിവിളക്കാണെന്നും
സന്താപ,സന്തോഷ,സഹനത്തിൻ നടുവിലും!
അമ്മേ മറക്കില്ല, മറക്കാനെനിക്കാവില്ല
നെഞ്ചോടുചേർത്തുഞാൻ കാക്കുന്നുവെന്നെന്നും
വിടർന്നുലസിച്ചതാം പനിനീർപുഷ്പത്തെയാ-
സ്വർഗീയഗേഹമലങ്കരിച്ചീടുവാൻ
തോട്ടത്തിന്നുടയവൻ ഇറുത്തെടുത്തീടുമ്പോൾ
പരിഭവിച്ചീടുവാനാവില്ലൊരിക്കലും!
വിടർന്നെങ്കിൽ കൊഴിയണം ജനിച്ചെങ്കിൽ മരിക്കണം
പ്രകൃതിതൻ നിയമമോ അലംഘനീയം!
തരുന്നു ഞാൻ, വിട്ടുതരുന്നു ഞാൻ ദൈവമേ
അഗ്രാഹ്യമാം നിൻ വഴികൾക്കുമുന്നിൽ!
അമ്മേ നീയില്ലാത്ത വീടും നീ തീർത്ത വിടവും
നികത്തുവാനാവില്ലൊരുനാളിലുമെങ്കിലും
സ്വർഗത്തിൽ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കുവാൻ
നീയുണ്ടെന്ന പ്രത്യാശ, ആശയായ് നിറയുന്നു...!

ഷീലമ്മ പുതക്കുഴി
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

## ദൈവദാസൻ ബിഷപ്പ് വില്യം ജകീന്താ








# ഈശോയുടെ ഉത്ഥാനവിവരണങ്ങൾ വായിക്കൂ... സമ്മാനങ്ങൾ നേടൂ...

**താഴോട്ട്**

1. മനുഷ്യപുത്രൻ മൂന്നാംദിവസം ഉയിർപ്പിക്കപ്പെടുമെന്ന് എവിടെയായിരുന്നപ്പോഴാണ് ഈശോ ശിഷ്യന്മാരോടു പറഞ്ഞത്? (3 അക്ഷരം)
3. "ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ" എന്ന് എത്ര പ്രാവശ്യം ഈശോ ചോദിക്കുന്നുണ്ട്? (2 അക്ഷരം)
7. റബ്ബോനി എന്ന വാക്കിന്റെ അർത്ഥം? (2 അക്ഷരം)
8. യോഹന്നാന്റെ പുത്രൻ? (4 അക്ഷരം)
10. ദിദിമോസ് എന്നറിയപ്പെടുന്ന ശിഷ്യൻ? (3 അക്ഷരം)

**വലത്തോട്ട്**

2. "ജറുസലേമിൽ നടന്ന സംഭവങ്ങൾ അറിയാത്ത അപരിചിതനാണോ നീ" എന്ന് ഈശോയോടു ചോദിച്ചതാര്? (4 അക്ഷരം)
4. ആരെ ഭയന്നാണ് ശിഷ്യന്മാർ കതകടച്ചിരുന്നത്? (4 അക്ഷരം)
5. പാപമോചനത്തിനുള്ള അനുതാപം ഈശോയുടെ നാമത്തിൽ എവിടെയാണ് ആരംഭിച്ചത്? (4 അക്ഷരം)
6. ഈശോ സ്നേഹിച്ചിരുന്ന ശിഷ്യൻ? (4 അക്ഷരം)
9. നഥാനയേലിന്റെ ജന്മസ്ഥലം? (2 അക്ഷരം)

| | | | | | |
|---|---|---|---|---|---|
| 1 | 9 | | 8 | 3 | 10 |
| | 7 | ■ | | | |
| | | 2 | | | |
| 6 | | | | ■ | ■ |
| ■ | ■ | 5 | | | |
| 4 | | | | ■ | ■ |



**കഴിഞ്ഞ ലക്കത്തിലെ വിജയി:**
സ്റ്റെൽവിൻ & സ്റ്റെല്ലാ
മംഗലത്തുകുന്നേൽ, കുളമാവ്

**(തയ്യാറാക്കിയത്: ജെസ്മി പാണ്ടിക്കുന്നേൽ)**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ആദ്യം ലഭിക്കുന്ന 5 ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി – മെയ് 15).
**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018






# BE A MIRACLE AND DO A MIRACLE

**Fr. Sebastian Kaippanplackal**
Youth Director, Kanjirapally Diocese

Easter is the greatest Feast of Christians. It is so because of the significance of this event in the history of salvation. By the resurrection of Jesus all the promises of the Old Testament as well as the New Testament are fulfilled. Jesus confirmed his divinity, liberated us from sins and opened the new way of life through resurrection. St. Paul asks "if Christ has not been raised then our preaching is in vain and your faith is in vain" (1 Cor 5:14). So the life of preaching and life of our faith is on the foundations of Resurrection.

Young people, think of a place where you are slaves and somebody comes to liberate you. Suppose you are in the darkness and a man gives you ample light. Or think that someone whom you love most is dead and miraculously he is raised to life by someone. How happy you will be in all these situations!

In the Gospel of Luke chapter 7:11-17 we see the unaccountable joy of a man who is raised to life by Jesus. This is a beautiful passage which consoles the Youth today and gives then golden rays of hope for tomorrow. Why? It is so because of the following reasons.





*1. Jesus rose only youth to life* in his public life and this is because of his love to youth. The widow's son (Lk 7, 11-17), a girl restored to life (Lk 8: 40-42, 49-56), Lazarus (Jn 11:28-44) were all considered as young people. Besides most of his disciples were also youth. "He called to him those whom he loved/ wanted (Mk 3:13). So young, all these incidents show how much you are dear to Jesus. So, LOVE HIM MOST.

*2. Your parents always pray for you with tears.* There are many things in the case of the Nain Mother that can make one so sensitive: widow, aged lady, only son, poor life situation, financial backwardness etc. But, none of them were attended by Jesus. The simple reason that stopped Jesus on his way is the weeping of the widow over the dead son. She cried and prayed to the Lord and Jesus said "do not weep" (Lk 7:13).

Young people think that their parents do not pray for them and most time they themselves attempt to avoid prayer. You are what you are only because of the prayers of your parents. Parents should support their children with deep faith and prayer. Friends, BELIVE THAT PRAYER WITH TEARS CAN DO MIRACLES!

3. *Following the children and friends can take them back to life.* A strong bond of relation of the dead man to his mother and friends is the driving force behind the crowd (Lk 7:12). The attention of Jesus is taken to this dead man by his mother and crowd. Parents should follow their children from cradle till their grave. They must show them the way and know the way of their children. In every life situation whether happy or unhappy, the support of the parents can do miracles in the life of their children.

Friends realize the need and significance of relation especially to your parents, relatives and friends. Besides, be a good son and friend with love and concern. Allow not to shed undue tears from anyone's eyes. Besides Jesus' love, YOU NEED THE LOVE OF YOUR PARENTS AND FRIENDS TO ENTER A NEW LIFE.

4. *The young man began to speak* (Lk 7:15). To whom he spoke? He spoke to Jesus, to his mother and to his friends. Speaking to Jesus is prayer, speaking to parents is care and speaking to friends is cure. Try to realize these miracles in your life. When you share your joy it is doubled and sorrow it is halved. So, speak out, share with Jesus and get consoled and blessed. Realize Him as your friend. Tell your parents everything and enjoy the tenderness and concern because they see your heart on your face. Remember they taught us to speak.

Enjoy with friends and make with them a noble talk. Respect each other. The boy/ girl sitting beside you is your brother/ sister. So take care of him/ her. Tell your friends of sincere friendship and pure relationships. See you can also do miracles and raise many of your friends to life from bad relations, drug addictions, lack of prayer, lack of motivation, squandering money etc….So BE A MIRACLE AND DO A MIRACLE. I wish you all a very blessed Easter, which will help you to realize where you are and where you should be.

# അവൻ ജീവിക്കുന്ന ദൈവമാണ്

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



ശൂന്യമായ കല്ലറയിലേക്ക് അവർ ഉറ്റുനോക്കി... അവനെ പുതപ്പിച്ചിരുന്ന വസ്ത്രമല്ലാതെ മറ്റൊന്നും അവർ കണ്ടില്ല. ഉള്ളിൽ ഉയരുന്ന ഒരായിരം ആശങ്കകൾക്കും ഉത്തരമില്ലാത്ത ചോദ്യങ്ങൾക്കും നടുവിൽ അവനെ തേടിയവരുടെ മനസ്സിൽ ശൂന്യതയുടെ നിഴലുകൾ ബാക്കി... അവനെ വച്ച കല്ലറ പോലെ...

തേടേണ്ടിടത്ത് മിശിഹായെ തേടുന്നതിൽ പരാജയം സംഭവിക്കുന്ന മനുഷ്യന്റെ നിജസ്ഥിതിയെ വരച്ചുകാട്ടുകയാണ് സുവിശേഷകർ! അവന്റെ ജീവിതം മുഴുവനുമല്ലേ മനുഷ്യനുള്ള ഉത്തരം?

അതെ, "അവന്റെ ജനനമാണ് നമ്മുടെ ശുദ്ധീകരണം. അവന്റെ സ്നാനമാണ് നമ്മുടെ പാപമോചനം. അവന്റെ മരണമാണ് നമ്മുടെ ജീവൻ. അവന്റെ സ്വർഗാരോഹണമാണ് നമ്മുടെ മഹത്ത്വീകരണം. അവന് എങ്ങനെ നന്ദിപറയാൻ നമുക്കാകും?" (മാർ അപ്രേം, ഉത്ഥാനഗീതം 1,16).

ഉത്ഥാനമില്ലാത്ത മരണസംസ്കാരത്തിൽ അമർത്യതയെ തേടുകയാണ് നാം. ഒരു നിറയപ്പെടലിനുവേണ്ടിയാണ് നമ്മുടെ അന്വേഷണങ്ങളെല്ലാം. വി. ആഗസ്തീനോസ് പറയുന്നതുപോലെ, " ദൈവമേ, നീയെന്നെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ അഭയം തേടുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും"! ജീവിതത്തിന്റെ ഓരോ നിമിഷവും ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടുകയും അവിടുത്തോടുകൂടി ജീവിതാനുഭവങ്ങളെ നേരിടുകയും ചെയ്യുമ്പോഴാണ് മിശിഹായുടെ ഉത്ഥാനം നമ്മിൽ അർത്ഥപൂർണമാകുന്നത്. നമുക്കുവേണ്ടി നമ്മോടൊത്ത് മരണത്തെ ജയിച്ചുയർത്ത ഈശോ ജീവിക്കുന്നു എന്ന തിരിച്ചറിവിലേക്ക് നമ്മുടെ ജീവിതങ്ങൾ ഇനിയും ഉണരേണ്ടിയിരിക്കുന്നു. "ഇതാ, മഹാപുരോഹിതൻ സ്വർഗത്തിൽനിന്ന് താഴേക്ക് ഇറങ്ങിവന്നിരിക്കുന്നു. എല്ലാ വശത്തേക്കും അവൻ കൈകൾ നീട്ടി സൗഖ്യവും വാഗ്ദാനങ്ങളും നല്കി. അവന്റെ അർപ്പണം സത്യസ്നേഹമാണ്. അവന്റെ ധൂപം കാരുണ്യമാണ്. അവന്റെ ഈസോപ്പ് പാപമോചനമാണ്" (മാർ അപ്രേം, ഉത്ഥാനഗീതം 4,12).

ഈ സത്യസ്നേഹത്തിന്റെ നിത്യവും ഒളിമങ്ങാത്തതുമായ സൗന്ദര്യത്തെ അനുഭവിക്കുന്ന മനുഷ്യനാണ് ഭാഗ്യവാൻ! മനുഷ്യജീവിതത്തെ ശൂന്യതയുടെ ഓരങ്ങളിൽനിന്നും ആനന്ദനൃത്തത്തിന്റെ തീരങ്ങളിലേക്ക് ആനയിക്കുവാൻ ഉത്ഥിതനായ ഈശോയ്ക്ക് - അവനു മാത്രമേ - സാധിക്കൂ... കാരണം അവൻ കടന്നുപോകാത്ത മനുഷ്യജീവിത യാഥാർത്ഥ്യങ്ങളില്ല.

അശുദ്ധർക്ക് ശുദ്ധീകരിക്കുന്ന അഗ്നി! പാപികൾക്കു രക്ഷകൻ, സത്യസന്ധരിൽ സന്തുഷ്ടൻ, രോഗികൾക്ക് വൈദ്യൻ, സാധാരണക്കാർക്ക് സംരക്ഷകൻ, അതിഥികളോടൊപ്പം വിവാഹവിരുന്നിൽ സന്തോഷിക്കുന്നവൻ, ഉപവാസകരോടൊപ്പം പരീക്ഷകളിൽ പങ്കുചേരുന്നവൻ, ജാഗരണം ചെയ്യുന്നവരോടൊപ്പം പോരാട്ടത്തിൽ പങ്കുചേരുന്നവൻ, അജ്ഞർക്ക് പ്രബോധകൻ, ഉന്നതത്തിൽ അവൻ കർത്താവ്, അമ്മയുടെ ഉദരത്തിൽ മനുഷ്യകുലത്തിന് അവൻ ദാസനായി, പാതാളത്തിൽ മരണം അവന്റെ മുമ്പിൽ മുട്ടുകുത്തി (cf. മാർ അപ്രേം, ഉത്ഥാനഗീതം 1). സർവശക്തികളെയും തനിക്കു കീഴ്പ്പെടുത്തി.

അതെ, ഈ മിശിഹായാണ് നമ്മിൽ - നിന്നിൽ എന്നിൽ - ജീവിക്കുന്നത്. മുഴങ്ങുന്ന ശബ്ദത്തോടെ നമുക്ക് ഈ വിശ്വാസം സ്വന്തം ജീവിതംകൊണ്ട് പ്രഘോഷിക്കാം. നാം വിശ്വസിക്കുന്നത് മരിച്ച ഈശോയിൽ അല്ല; മരിച്ച് മരണത്തെ കീഴടക്കിയ ഈശോയിൽ! ഉയിർത്ത് സ്വർഗത്തെയും ഭൂമിയെയും അനുരഞ്ജിപ്പിച്ച മിശിഹായിൽ! അവൻ ജീവിക്കുന്നിടമാണ് സ്വർഗം... സ്വർഗീയ ആനന്ദംകൊണ്ട് നാമും നാം ജീവിക്കുന്ന കുടുംബങ്ങളും സമൂഹവും നിറയപ്പെടുന്നതിനായി ആഗ്രഹിക്കാം, പ്രാർത്ഥിക്കാം, പ്രയത്നിക്കാം! ഉത്ഥിതനായ മിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ!

*മിശിഹായുടെ പുനരുത്ഥാനം, സൃഷ്ടിയിലും ചരിത്രത്തിലും ദൈവത്തിന്റെ തന്നെ സർവാതിശായിയായ ഇടപെടൽ എന്ന നിലയിൽ വിശ്വാസത്തിന്റെ വിഷയമാണ്. അതിൽ മൂന്നു ദൈവികവ്യക്തികളും താന്താങ്ങളുടെ സവിശേഷത പ്രകടിപ്പിച്ചുകൊണ്ട് ഒരാളെന്നപോലെ ഒരുമിച്ചു പ്രവർത്തിക്കുന്നു. പിതാവിന്റെ ശക്തി അവിടുത്തെ പുത്രനായ മിശിഹായെ ഉയിർപ്പിച്ചു. അങ്ങനെ തന്റെ പുത്രന്റെ മനുഷ്യത്വത്തെ, അവിടുത്തെ ശരീരം ഉൾപ്പെടെ, ത്രിത്വത്തിൽ പൂർണ്ണമായി ഉൾച്ചേർക്കുകയും ചെയ്തു. ആത്മാവിന്റെ പ്രവർത്തനത്തിലൂടെയുള്ള ദൈവത്തിന്റെ ശക്തിയുടെ വെളിപ്പെടുത്തലിനു വി. പൗലോസ് ഊന്നൽ നല്കുന്നുണ്ട്. ഈശോയുടെ മൃതമായ മനുഷ്യത്വത്തിനു ജീവൻ നല്കിയതും മഹത്ത്വപൂർണ്ണമായ കർതൃത്വത്തിലേക്ക് അതിനെ വിളിച്ചതും ആത്മാവാണ്.* (C C C 648)

വിശുദ്ധരോടൊപ്പം



# കനൽ വഴികളിൽ കത്തിനിന്ന ഉത്ഥാന ദീപ്തി

## വി. പൗള എലിസബത്ത്

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"മർത്യകുലത്തിൻ രക്ഷയ്ക്കായ്*
*പീഡകളേറ്റു മരിച്ചവനേ*
*നിൻ തിരുവുത്ഥാനം വഴി നീ*
*മാനവനേകി സായൂജ്യം*
*വിണ്ണിൽ നിന്നും റൂഹാതൻ*
*നിസ്തുല ദാനക്കതിരുകളാൽ*
*നിന്റെ മഹത്ത്വം നീയെന്നും*
*വെളിവാക്കുന്നു ലോകത്തിൽ"*

(ഉയിർപ്പുകാലം തിങ്കൾ റംശാ)

അനാഥരുടെ അമ്മേ....

കനൽ വിരിച്ച വഴികളിലൂടെ നടന്നുനീങ്ങിയപ്പോഴും പൊള്ളുന്ന യാഥാർത്ഥ്യങ്ങളെ നെഞ്ചോടടുക്കിപ്പിടിച്ച് ഉത്ഥാനത്തിന്റെ സന്തോഷമനുഭവിച്ച് ദൈവനിയോഗം നിറവേറ്റിയ അമ്മേ... ഈ ഉയിർപ്പു കാലത്ത് അമ്മയെ മറക്കാനാവില്ല.



പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഇറ്റലിയിലെ സൊൺസീനോയിൽ 1816 ജനുവരി 28 ന് ജനിച്ച നിമിഷം മുതൽ നിന്നെ വലയം ചെയ്ത സഹനത്തെ വിശുദ്ധവലയമാക്കി മാറ്റാൻ നടത്തിയ വീരോചിത ജീവിതശൈലി... അനേകർക്ക് മാർഗ്ഗദീപമാകുന്നു...

അപ്പച്ചനും അമ്മച്ചിയും ചേർന്ന് നിനക്കിട്ട ഓമനപ്പേരായിരുന്നല്ലോ കോൺസ്റ്റാൻസാ. ബാല്യംമുതൽ രോഗപീഡകൾക്ക് അടിമയായി ആരോഗ്യസ്ഥിതി മോശമായതുകൊണ്ടാവാം 11-ാം വയസ്സുവരെ വീട്ടിൽതന്നെകഴിഞ്ഞുകൂടേണ്ടിവന്നത്.

11-ാം വയസ്സിലെ വിദ്യാരംഭം! വിദ്യാലയത്തിലെ വീർപ്പുമുട്ടിക്കുന്ന അനുഭവങ്ങൾ...ഏതൊരു വിദ്യാർത്ഥിനിയും തളർന്നുപോകുന്ന അനവധി അനുഭവങ്ങളിലൂടെ കടന്നുപോയപ്പോഴും കർത്താവിന്റെ കരങ്ങളിൽ മുറുകെ പിടിച്ച കോൺസ്റ്റാൻസാ...

കേരളീയരായ ഞങ്ങൾ നിന്റെ മുമ്പിൽ മുട്ടുമടക്കുകയാണ്... ഇന്നലെ കിട്ടിയ വാർത്ത കരളലയിക്കുന്നതാണ്. അധ്യാപകൻ വഴക്കുപറഞ്ഞതിനെതുടർന്നു വിദ്യാർത്ഥിനി തീകൊളുത്തി ആത്മഹത്യ ചെയ്തു. കർത്താവിനെ മുറുകെപ്പിടിച്ച് കരുത്താർജ്ജിക്കുവാനുള്ള കൃപ ഈ കുഞ്ഞുങ്ങൾക്കു ലഭിക്കുവാൻ മാദ്ധ്യസ്ഥ്യം അപേക്ഷിക്കണേ...

19-ാമത്തെ വയസ്സിലെ കല്യാണം. അതും 59 വയസ്സുകാരനുമായിട്ട്. ഏതൊരു പെണ്ണിനാണ് ഇതു താങ്ങാനാവുന്നത്. മറിയം പറഞ്ഞതുപോലെ നീയും പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി; നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ."

59 കാരനുമൊത്തുള്ള വിവാഹജീവിതം വിശുദ്ധമാക്കിത്തീർക്കാൻ നീ അനുഭവിച്ച കഷ്ടപ്പാടുകൾ... ഗോയ്റ്റാനാ ബുക്കാച്ചിയുടെ ഭാര്യാപദം അറിഞ്ഞവരൊക്കെ മൂക്കത്തു വിരൽവച്ചുപോയി. "കുഴിലോട്ട് കാലും നീട്ടിയിരിക്കുന്ന വയസ്സൻ. പോരെങ്കിൽ ദുഷ്കരമായ സ്വഭാവവും ദുശാഠ്യവും അയാളുടെ കൂടപ്പിറപ്പായിരുന്നു. ഈ പെണ്ണ് എങ്ങനെ ഈ മനുഷ്യനെ വഹിക്കും".

കോൺസ്റ്റാൻസാ എന്ന പെണ്ണ് പരാതി കൂടാതെ, പരിഭവം പതിവാക്കാതെ ഗോയ്റ്റാനയെ വഹിച്ചു, വിശുദ്ധമായിതന്നെ. സങ്കടകടലിൽ മുങ്ങിത്താഴുമ്പോഴും സധൈര്യം സഹനങ്ങളെ ഏറ്റുവാങ്ങിയ കോൺസ്റ്റാൻസാ.

മൂന്നു കുഞ്ഞുങ്ങളും ശൈശവത്തിൽതന്നെ മരിക്കുക...

നാലാമതൊരു മോൻ... കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ച 'കാർലോ'... 16-ാമത്തെ വയസ്സിൽ അവനും നിന്നെ വിട്ടുപിരിഞ്ഞപ്പോൾ.. സഹനപെരുമഴയിൽ നനഞ്ഞു കുതിർന്ന നിന്റെ ജീവിതം... ഒരമ്മയ്ക്കും സഹിക്കാനാവില്ല...

ഇന്ന് ജീവിച്ചിരിക്കുന്ന ഏതൊരമ്മയാണെങ്കിലും ആത്മഹത്യ ചെയ്തേനെ...

കാൽവരിയിൽ കുരിശിന്റെ ചുവട്ടിൽ മകന്റെ മൃതദേഹം മടിയിൽക്കിടത്തി കരഞ്ഞപ്പോഴും ദൈവഹിതം നിറവേറ്റിയ അമ്മ നല്കിയ കരുത്തല്ലേ ഭർത്താവിന്റെ മരണത്തെയും മനസ്സുതകരാതെ നേരിടാൻ നിനക്കു ബലമേകിയത്.

വീട് അനാഥമായി!! ആരും കൂട്ടിനില്ലാത്ത അവസ്ഥ. യൗവനത്തിലേ വിധവയായി. കുഞ്ഞുങ്ങളെല്ലാം കർതൃസന്നിധിയിൽ. ഞാനൊറ്റയായി. സഹനക്കടലിൽ എന്നെ മാത്രം എന്തിനവശേഷിപ്പിച്ചു. കാർലോയെ എങ്കിലും എനിക്കു തരാമായിരുന്നില്ലേ...എന്റെ പൊന്നുമോനെ കാർലോ...മൗനത്തിലും ഉറക്കത്തിലും കുഞ്ഞുമകനെ വിളിച്ചവൾ തേങ്ങിക്കരഞ്ഞു. അവൻ കിടന്നുറങ്ങിയ കട്ടിൽ. മരണാസന്നനായി കിടന്നപ്പോൾ അവൻ തന്നോടു പറഞ്ഞ സാന്ത്വനവാക്കുകൾ അമ്മയോർത്തു...

"അമ്മേ കരയരുത്...ദൈവം അമ്മയ്ക്ക് വേറെ മക്കളെ തരും..."

വേറെ മക്കളെ തരും...എവിടുന്നാ എന്റെ പൊന്നുമോനേ, എനിക്കു മക്കളെ തരുന്നത്... എന്നെക്കൂടി നിന്റെ കൂടെ കൊണ്ടുപോകാമോ... ആരും ചോദിച്ചു പോകുന്ന ചോദ്യം...

കാർലോ കാണിച്ചുകൊടുക്കുന്നതു പോലെ അവൾക്കു തോന്നി. തെരുവിലൂടെ അലയുന്ന അനേകം അനാഥബാലൻമാർ...കൈ നീട്ടി ഭിക്ഷ യാചിക്കുന്നവരെ ആട്ടിയോടിക്കുന്നവർ...അനാഥർക്കായി അവൾ തന്റെ വീടിന്റെ വാതിൽ തുറന്നിട്ടു.

ആരോരുമില്ലാത്തവരുടെ അമ്മയായി... അവർക്കായി സ്നേഹവാത്സല്യങ്ങൾ പങ്കുവച്ചു. ക്രമേണ അവൾ തന്റെ ദുഃഖം മറന്നു.

കാരുണ്യത്തിന്റെ പര്യായമായ കോൺസ്റ്റാൻസാ... നിന്റെ കാരുണ്യപ്രവർത്തനങ്ങളൊക്കെ ഭ്രാന്തായിട്ട് ബന്ധുക്കളും സ്നേഹിതരുമൊക്കെ വിശേഷിപ്പിച്ചപ്പോഴും അവയൊക്കെയും അതിജീവിച്ച നിന്റെ ആത്മീയത!!

ആത്മീയതയുടെ നിറവായ അമ്മേ, 1856ൽ ബ്രഹ്മചര്യവും 1857 ൽ ദാരിദ്ര്യവും സ്വീകരിച്ച് കർത്താവിനായി നിന്നെത്തന്നെ സമർപ്പിച്ചപ്പോൾ അനേകം യുവതികൾ നിന്റെ പാത പിൻതുടരുകയായിരുന്നു. അവരെയെല്ലാം ഒരുമിച്ചുചേർത്ത് തിരുക്കുടുംബസഭ സ്ഥാപിക്കാൻ നീ നടത്തിയ പരിശ്രമങ്ങളുടെ മുൻപിൽ ഏതൊരമ്മയാണ് അഭിമാനപുളകിതയാകാത്തത്. അങ്ങനെ കോൺസ്റ്റാൻസാ എന്ന അമ്മ സി. പൗള എലിസബത്തായി.

തിരുക്കുടുംബത്തിൽ വിളങ്ങിയിരുന്ന വിനയവും ലാളിത്യവും ദാരിദ്ര്യവും അധ്വാനശീലവും സഭയുടെ ആധ്യാത്മിക ചൈതന്യമായി സ്വീകരിച്ച സി. പൗള.... പ്രളയ തുല്ല്യമായ പ്രതിസന്ധികളൊക്കെ യൗസേപ്പിതാവിന്റെ പ്രത്യേക സംരക്ഷണത്തിൽ സമർപ്പിച്ചുകൊണ്ട് സധൈര്യം മുന്നേറിയ നിന്റെ ജീവിതം...

തന്റെ ശുശ്രൂഷയിലുള്ള അനാഥബാലകർ വി. യൗസേപ്പിന്റെ പുത്രീപുത്രന്മാർ എന്ന് വിളിക്കപ്പെടണമെന്ന നിന്റെ ആഗ്രഹം എല്ലാം സഫലീകൃതമായി.

ഏതു പെണ്ണും മുങ്ങിത്താഴാവുന്ന സങ്കടപ്പെരുങ്കടലിൽ ഉഴറിയപ്പോഴും ദൈവകൃപയിൽ മുറുകെപ്പിടിച്ച് നീന്തിക്കയറിയ കോൺസ്റ്റാൻസായുടെ 49 വർഷത്തെ വിശുദ്ധമായ ജീവിതം. 1865 ഡിസംബർ 24-ാം തീയതി നിത്യതയുടെ തീരങ്ങൾതേടി യാത്രയായി...സ്വർഗ്ഗത്തിലിരുന്ന് അനുഗ്രഹപ്പൂമഴ ചൊരിയുന്ന അമ്മയെ 2004 മെയ് 16 ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വിശുദ്ധയായി പ്രഖ്യാപിച്ചു.

**നമുക്കു പ്രാർത്ഥിക്കാം**

ആരോരുമില്ലാത്തവർക്ക് അത്താണിയായ ദിവ്യരക്ഷിതാവേ... ഒന്നിനുപിന്നാലെ ഒന്നൊന്നായിവന്ന ജീവിതസഹനങ്ങളെ ദൈവഹിതമായി സ്വീകരിച്ചുകൊണ്ട്, അനാഥരുടെ അമ്മയായിത്തീർന്ന വി. പൗളയെപ്പോലെ ജീവിതപ്രതിസന്ധികളെ സധൈര്യം നേരിടുവാനും അനാഥർക്കുംആലംബഹീനർക്കും അത്താണിയായിത്തീരുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ... അനാഥമന്ദിരങ്ങളിലും വഴിയോരങ്ങളിലും കഴിയുന്ന രോഗികളെയും പീഡിതരെയും സംരക്ഷിക്കുന്നവരേയും ശുശ്രൂഷിക്കുന്നവരേയും സമൃദ്ധമായി അനുഗ്രഹിക്കണേ... ഞങ്ങളുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അനാഥരെ ആശ്വസിപ്പിക്കുവാനും സ്വന്തമാക്കുവാനുമുള്ള കൃപ ഞങ്ങൾക്കു നൽകണമേ...

അനാഥരുടെ അമ്മയായ വി. പൗള എലിസബത്തേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...







# സന്തോഷമുള്ളവരാകുക

**ഫിലോ കുറ്റിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സന്തോഷവാനായിരിക്കുക! ഇത് എങ്ങനെ സാധിക്കും? ഇന്നത്തെ ലോകത്തിലേക്കു നോക്കിയാൽ നാം കാണുന്നവയുടെ, കേൾക്കുന്നവയുടെ മുമ്പിൽ എങ്ങനെ സന്തോഷവാനാകാൻ കഴിയും? 'സുവിശേഷത്തിന്റെ ആനന്ദം ജീവിക്കുക' എന്ന് ഫ്രാൻസിസ് മാർപാപ്പാ നമ്മോട് ആഹ്വാനം ചെയ്യുന്നു. മുതിർന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ചെയ്യേണ്ടതൊക്കെ ചെയ്തു എന്ന സംതൃപ്തിയിൽനിന്നും സന്തോഷമുണ്ടാകാം. കുട്ടികളെ സംബന്ധിച്ചിടത്തോളം അവർ ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുമ്പോൾ സന്തോഷം തോന്നിയേക്കാം. ഒരു കൊച്ചുകുഞ്ഞിനെ സംബന്ധിച്ചിടത്തോളം അവന്റെ ചുറ്റിലും പണം, മറ്റു വിലപിടിച്ച വസ്തുക്കൾ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങി എന്തുതന്നെ വച്ചാലും സന്തോഷം ഉണ്ടാകില്ല. എന്നാൽ അവന്റെ അമ്മ കരങ്ങളിൽ എടുക്കുമ്പോൾ, വാരിപ്പുണരുമ്പോൾ എന്തെന്നില്ലാത്ത സന്തോഷം അവൻ അനുഭവിക്കുന്നു. അമ്മയുടെ അടുത്താണ്, കരങ്ങളിലാണ് എന്ന അനുഭവമാണ് കുഞ്ഞിന് സന്തോഷം നല്കുന്നത്; പിതാവിന്റെ സാന്നിദ്ധ്യമാണ് അവന് സന്തോഷം പകരുന്നത്.

നമ്മുടെ യഥാർത്ഥ സന്തോഷം ജനിക്കുന്നത്, ജനിക്കേണ്ടത് നാം ദൈവപിതാവിന്റെ കരങ്ങളിലാണ് എന്ന ബോദ്ധ്യത്തിൽനിന്നുമാണ്. അവിടുത്തെ സാന്നിദ്ധ്യമാണ് നമുക്ക് ആനന്ദം നല്കുന്നത്. അനുഭവിച്ചറിയുന്ന ഈ സാന്നിദ്ധ്യം പങ്കുവയ്ക്കുമ്പോൾ ഇരട്ടിക്കുന്നു. അത് സുവിശേഷപ്രഘോഷണമായി മാറുന്നു. പരി. മറിയം ഏലീശായുടെ അടുത്ത് എത്തിയപ്പോൾ ഈശോയുടെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞ സ്നാപകയോഹന്നാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടുന്നു. പരി. അമ്മതന്നെ തന്റെ സ്തോത്രഗീതത്തിൽ പാടുന്നു: "എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ഹൃദയം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1,46). ഈശോയുടെ സാന്നിദ്ധ്യമാണ് പരി. അമ്മയിൽ ഈ സന്തോഷം നിറയ്ക്കുന്നത്.

ഈശോയുടെ സാന്നിദ്ധ്യത്താൽ നമ്മുടെ ഹൃദയം നിറയണം. ഓട്ടപാത്രത്തിൽ വെള്ളം ഒഴിച്ചാൽ അത് ഒഴുകിപ്പോകും. പാത്രം ഒരിക്കലും നിറയില്ല. അതുപോലെ ഹൃദയമാകുന്ന പാത്രത്തിൽ സ്വാർത്ഥതയാകുന്ന പുഴുക്കുത്തുകൾ ഉണ്ടെങ്കിൽ അത് ദൈവസാന്നിദ്ധ്യത്താൽ നിറയില്ല. പാത്രത്തിന്റെ ദ്വാരം അടച്ചാൽ ഒഴിക്കുന്ന വെള്ളം അതിൽ നിറയും. നമ്മുടെ ഹൃദയത്തിലെ സ്വാർത്ഥതയാകുന്ന ദ്വാരം സ്നേഹം കൊണ്ട് അടയ്ക്കാം. അപ്പോൾ അതു ദൈവസാന്നിദ്ധ്യംകൊണ്ടു നിറയും. അപ്പോൾ യഥാർത്ഥ സന്തോഷം അനുഭവിക്കാനും പങ്കുവയ്ക്കാനും നമുക്കു സാധിക്കും. അതിന് ദൈവം അനുഗ്രഹിക്കട്ടെ!

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകചീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre, Manganam P.O., Kottayam - 686 018
Tel. 0481-2578192
apo.oblatesindia@gmail.com
http://apostolicoblatesindia.in





# ശകലത്തിന്റെ നാഥൻ!

**ഷിനി തെരേസ് മുതുപ്ലാക്കൽ**

"എല്ലാവരും നേരത്തെതന്നെ എത്തിയോ? എനിക്ക് അത്യാവശ്യമായി ചില കാര്യങ്ങൾ ചെയ്തുതീർക്കേണ്ടതുണ്ടായിരുന്നു. അതാ, വൈകിയത്. നിങ്ങൾക്ക് പ്രാർത്ഥന തുടങ്ങാമായിരുന്നല്ലോ..."

"ഞങ്ങൾ അച്ചനെ കാത്തിരിക്കുകയായിരുന്നു. ഞങ്ങളുടെ വിശേഷങ്ങളൊക്കെ പങ്കുവയ്ക്കുകയും ചെയ്തു. വെറുതേ പ്രാർത്ഥനകൾ ചൊല്ലിക്കൂട്ടിയിട്ട് കുടുംബകൂട്ടായ്മാ പ്രാർത്ഥന നടത്തി എന്ന പേരു കേൾപ്പിക്കാൻ ഞങ്ങൾക്കാഗ്രഹമില്ലെന്ന് അച്ചനറിയാമല്ലോ. അതു മാത്രമല്ല, അച്ചന്റെ വിശദീകരണം കേട്ടതിനുശേഷം പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥനകളൊക്കെ ഞങ്ങൾക്ക് ശരിയായ രീതിയിൽ ഉൾക്കൊള്ളുവാനും ദൈവാനുഭവം നുകരുവാനും സാധിക്കുന്നുണ്ട്."

"കൊള്ളാം... ഇന്നു നമുക്ക് വിശദീകരിക്കാനുള്ളത് ഉത്ഥാനഗീതം എന്നറിയപ്പെടുന്ന 'സകലത്തിന്റെയും നാഥാ' എന്ന പ്രാർത്ഥനയാണ്. സാധാരണ 'സർവാധിപനാം കർത്താവേ' എന്ന് നാം ആലപിക്കുന്ന ഈ പ്രാർത്ഥന ഇങ്ങനെയാണ്: സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു; ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ, നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു".

"നമ്മുടെ കർത്താവിന്റെ പ്രത്യക്ഷീകരണം, പരിശുദ്ധ ത്രിത്വത്തിന്റെ സ്വയം വെളിപ്പെടുത്തൽ എന്നിവ അനുസ്മരിക്കുന്നതാണ് ഈ ഗീതമെന്ന് കുർബാനപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്": അഞ്ചു തന്റെ അറിവു പങ്കുവച്ചു.

മെറിൻ കൂട്ടിച്ചേർത്തു: "അതുമാത്രമല്ല, തന്റെ ഉത്ഥാനത്തിലൂടെ പാപത്തിന്റെയും മരണത്തിന്റെയുംമേൽ വിജയം വരിച്ച ഈശോയെ സകലത്തിന്റെയും നാഥനായി ഏറ്റുപറയണമെന്നുംകൂടി പറഞ്ഞിട്ടുണ്ട്".

"അതൊക്കെ നിങ്ങൾക്കറിയാമല്ലേ... നല്ല കാര്യം... ഈ ഗീതത്തിന്റെ ആരംഭത്തെക്കുറിച്ചോ നമ്മുടെ ആരാധനക്രമത്തിൽ ഇത് എങ്ങനെ ഉൾച്ചേർത്തുവെന്നോ ഇപ്പോൾ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല..." അച്ചൻ തുടർന്നു: "ഈ കുട്ടികൾ പറഞ്ഞതിനോടു അല്പകാര്യം കൂട്ടിച്ചേർക്കാൻ മാത്രമേ ഞാൻ ഉദ്യമിക്കുന്നുള്ളു".

"ഈശോ സകലത്തിന്റെയും നാഥനാണ്. കോറിന്തോസുകാർക്ക് വി. പൗലോസ്ശ്ലീഹാ എഴുതിയ ഒന്നാം ലേഖനം 15-ാം അദ്ധ്യായത്തിൽ പറയുന്നതുപോലെ മരണംവഴി മരണത്തെ ഉൾപ്പെടെ എല്ലാത്തിനെയും അവിടുന്ന് കീഴടക്കി. ഉത്ഥാനത്തിലൂടെ വിജയംവരിച്ച ഈശോ എല്ലാത്തിന്റെയും നാഥനും കർത്താവുമാണ്. പാപങ്ങൾനിമിത്തം മൃതരായിരുന്ന നമ്മെ രക്ഷിച്ച അവിടുന്ന് നമ്മുടെ ശരീരങ്ങൾക്ക് ഉയിർപ്പേകും."

"മാമ്മോദീസായിലൂടെയുള്ള കർത്താവിന്റെ പ്രത്യക്ഷീകരണം, പരിശുദ്ധ ത്രിത്വത്തിന്റെ സ്വയം വെളിപ്പെടുത്തൽ എന്നിവ അനുസ്മരിക്കുന്നതാണ് ഈ ഗീതമെന്ന് അഞ്ചു പറഞ്ഞല്ലോ. അതുപോലെതന്നെ ലോകത്തിന്റെ

അന്ത്യത്തിൽ കർത്താവ് വീണ്ടും വരുമെന്ന പ്രത്യാശയും ഇതു നമ്മിലുണർത്തണം. അവിടുന്നു നമ്മെ ഉയിർപ്പിക്കുകയും മഹത്ത്വത്തിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യും. അതുകൊണ്ടാണ് അവിടുന്ന് നമ്മുടെ 'ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനു'മാണെന്ന് ഇവിടെ പാടുന്നത്. ഈശോയുടെ ഉയിർപ്പാണ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം".

"അച്ചോ, എനിക്കൊരു കാര്യം പറയാനുണ്ട്. പറഞ്ഞാൽ... ഈ പിള്ളേർക്കിഷ്ടപ്പെടുമോന്ന് അറിയില്ല."

"ഔസേപ്പുചേട്ടൻ കാര്യം പറ." എഴുപതുകാരനായ ഔസേപ്പുചേട്ടനെ വികാരിയച്ചൻ പ്രോത്സാഹിപ്പിച്ചു.

"ഈശോമിശിഹായെ സകലത്തിന്റെയും നാഥനായി ഏറ്റുപറഞ്ഞുകൊണ്ട് എല്ലാവരും പ്രാർത്ഥിക്കുന്നൊക്കെയുണ്ട്. പക്ഷേ... പുതിയ തലമുറയുടെ പോക്കുകണ്ടിട്ട് അവർ നമ്മുടെ കർത്താവിനെ 'ശകലത്തിന്റെ നാഥൻ' ആക്കുകയാണെന്നു തോന്നുന്നു. ഞങ്ങളൊക്കെ ജീവിതത്തിൽ ഒത്തിരി ബുദ്ധിമുട്ടുകൾ അനുഭവിച്ചിട്ടുള്ളവരാ. അതൊക്കെ ദൈവംതമ്പുരാന്റെ കയ്യിൽ കൊടുത്ത്, അവിടുത്തെ പൂർണ്ണമായി ആശ്രയിച്ചാ ഞങ്ങൾ നേരിട്ടിട്ടുള്ളത്. ഇന്നെന്തെങ്കിലും പ്രശ്നങ്ങളൊക്കെയുണ്ടാകുമ്പോൾ പരിഹാരംതേടി ചിലർ ഏതെങ്കിലും 'കേന്ദ്ര'ങ്ങളിലേക്കോടും, ചിലർ മദ്യത്തിലേക്കും, മന്ത്രവാദത്തിലേക്കും കൂടോത്രത്തിലേക്കും തിരിയും, വേറെ ചിലർ ജീവിതംതന്നെയങ്ങ് അവസാനിപ്പിച്ചു കളയും. അങ്ങനെയങ്ങനെ പല തരത്തിലാ പ്രതികരിക്കുന്നത്."

"ഔസേപ്പുപറഞ്ഞതിൽ കാര്യമുണ്ട്" അവിരാച്ചൻചേട്ടൻ അല്പം രോഷത്തോടെ തുടർന്നു... "ഈശോയെ ജീവിതത്തിന്റെ നാഥനായി ഏറ്റുപറഞ്ഞിട്ട് ചിലരൊക്കെ എന്തെല്ലാം കൊള്ളരുതായ്മകളാണ് ചെയ്തുകൂട്ടുന്നത്?"

"നിങ്ങൾ പറഞ്ഞതൊക്കെ ശരിയാണ്.... സമ്പത്ത്, സ്ഥാനമാനങ്ങൾ, സ്വാർത്ഥലാഭങ്ങൾ, പ്രശസ്തി, മദ്യം, മയക്കുമരുന്ന്, ലൗകികസുഖങ്ങൾ തുടങ്ങിയവയെയൊക്കെ പൂജിച്ച് അവയെ തങ്ങളുടെ നാഥന്മാരായി കരുതുന്നവർ നമ്മുടെ സമൂഹത്തിലുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾ വഴിതെറ്റിപ്പോകാതെ നാം നോക്കണം. അവർക്കു നല്ല മാതൃക നല്കണം."

അച്ചൻ യുവതീയുവാക്കന്മാരിലേക്കു തിരിഞ്ഞു... "തെറ്റായ വഴികളിലൂടെ സഞ്ചരിക്കുന്നവരെ കണ്ടെത്തി അവരെ യഥാർത്ഥ വിശ്വാസത്തിലേക്കും ധാർമ്മികതയിലേക്കും നയിക്കാൻ ചുണക്കുട്ടികളായ നിങ്ങൾക്കും കഴിയണം..... ഇനിയുള്ള ചർച്ചകളൊക്കെ അടുത്ത പ്രാവശ്യമാകാം. നമുക്കിപ്പോൾ പ്രാർത്ഥിക്കാം."

മിശിഹായെ സകലത്തിന്റെയും നാഥനായി ഏറ്റുപറയാനുള്ള തീക്ഷ്ണതയോടെ എല്ലാവരും പ്രാർത്ഥിക്കുവാൻ തയ്യാറെടുത്തു.

*മിശിഹായുടെ പുനരുത്ഥാനരഹസ്യം ഒരു യഥാർത്ഥസംഭവമാണ്. അതിന്റെ ആവിഷ്കരണങ്ങൾ, പുതിയനിയമം സാക്ഷ്യം വഹിക്കുന്നതുപോലെ, ചരിത്രപരമായി തെളിയിച്ചിട്ടുള്ളവയാണ്. ഏതാണ്ട് എ. ഡി. 56 ൽ കോറിന്തോസുകാർക്ക് ഇങ്ങനെ എഴുതാൻ വി. പൗലോസിനു കഴിഞ്ഞു: "എനിക്കു ലഭിച്ചത് സർവപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏല്പിച്ചുതന്നു. അതായത്, വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും, പിന്നീടു പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി" (1 കോറി 15,3-4). ദമാസ്ക്കസിലേക്കുള്ള യാത്രയിലുണ്ടായ തന്റെ മാനസാന്തരത്തിനുശേഷം താൻ പഠിച്ചറിഞ്ഞ പുനരുത്ഥാനത്തിന്റെ സജീവപാരമ്പര്യത്തെക്കുറിച്ചാണ് ഇവിടെ ശ്ലീഹാ പറയുന്നത്.*

(CCC 639)







# കല്ലറയ്ക്കപ്പുറമെത്തുന്ന സ്നേഹം



**ലീന അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലേന മറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു. അപ്പോൾ വലിയ ഒരു ഭൂകമ്പമുണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗത്തിൽ നിന്നിറങ്ങിവന്ന് കല്ലുരുട്ടി മാറ്റി, അതിന്മേൽ ഇരുന്നു. ... ദൂതൻ സ്ത്രീകളോടു പറഞ്ഞു: ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട ഈശോയെയാണ് നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുളിച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു" (മത്താ 28,1-3.5).

ഈശോയുടെ ക്രൂശുമരണത്തിനും സംസ്കാരത്തിനുംശേഷം എല്ലാം അവസാനിച്ചു എന്നു വിചാരിച്ചു തിരിച്ചുപോയ ശിഷ്യന്മാർക്കല്ല ഈശോയുടെ പുനരുത്ഥാനത്തെക്കുറിച്ചുള്ള അറിയിപ്പു ലഭിച്ചതും ഈശോ പ്രത്യക്ഷനായതും. മറിച്ച് മരിച്ചിട്ടും സംസ്കരിക്കപ്പെട്ടിട്ടും ഈശോയോടുള്ള സ്നേഹത്തെപ്രതി അവിടുത്തെ അന്വേഷിച്ചെത്തിയ സ്ത്രീകൾക്കാണ് ഈ മഹാഭാഗ്യം കൈവന്നത്. മരണശേഷവും അവിടുത്തെ പിന്തുടരുന്നതായിരുന്നു അവരുടെ സ്നേഹം. ആ സ്നേഹത്തിന് അവർക്കു തക്ക പ്രതിഫലവും കിട്ടി – ഈശോയുടെ പുനരുത്ഥാനവാർത്തയും അവിടുത്തെ ആദ്യദർശനവും. നമ്മുടെ ജീവിതത്തിലും ഇതു തന്നെയാണ് സംഭവിക്കുക. വേദനജനകമായ അവസരത്തിൽ, എല്ലാം നഷ്ടപ്പെട്ടു എന്നു

തോന്നുമ്പോൾ, എല്ലാം അവസാനിച്ചു എന്നു കരുതി വിഷാദഗ്രസ്തരായിരുന്നാൽ ഈശോയുടെ ഉയിർപ്പിന്റെ ആനന്ദവും അവിടുത്തെ ദിവ്യസാന്നിദ്ധ്യവും അനുഭവിക്കാൻ നമുക്കാവില്ല. രോഗവും വേദനയും കഷ്ടപ്പാടും ദുരിതങ്ങളും ഉണ്ടാകുമ്പോഴും കാർമേഘത്തിനപ്പുറം സദാ സമയവും പ്രഭ തൂകി നില്ക്കുന്ന സൂര്യനുള്ളതുപോലെ നമ്മുടെ ജീവിതത്തിലും ഈശോയുടെ സാന്നിദ്ധ്യമുണ്ടെന്നു തിരിച്ചറിഞ്ഞാൽ നാമവിടുത്തെ വിട്ടുപോകില്ല. മറിച്ച് ഭക്തസ്ത്രീകളെപ്പോലെ അവിടുത്തോടുകൂടിയായിരിക്കാൻ ശ്രമിക്കും. ഈശോയോടുള്ള അതിരറ്റ സ്നേഹത്തിനു മാത്രമേ ഈശോയോടുകൂടെ ആയിരിക്കാൻ സാധ്യമാകു; ആ ഉത്ഥിതസാന്നിദ്ധ്യവും സന്തോഷവും നുകരാനാവൂ. ഇതിനായി:

**ദൈവത്തോട്:** കൂദാശകളിലൂടെയും വചനവായനയിലൂടെയും പ്രാർത്ഥനയിലൂടെയും അവിടുത്തോടുകൂടിയായിരിക്കാം.

**നമ്മോടുതന്നെ:** വിഷമാവസരങ്ങളിൽ എല്ലാം അവസാനിച്ചു എന്നു കരുതി തന്നിലേക്കുതന്നെ കുനിഞ്ഞിരിക്കാതെ, കൊടുങ്കാറ്റിനപ്പുറമുള്ള ശാന്തതയും വേനൽച്ചൂടിനെ നിർവീര്യമാക്കുന്ന മഴയുംപോലെ കടന്നുവരുന്ന ഈശോയുടെ ആശ്വാസത്തെ തിരിച്ചറിയാം; അതിൽ വിശ്വസിക്കാം.

**മറ്റുള്ളവരോട്:** സഹോദരങ്ങളിലൂടെ, മാതാപിതാക്കളിലൂടെ, മക്കളിലൂടെ, ഭാര്യയിലൂടെ, ഭർത്താവിലൂടെ കടന്നുവരുന്ന വേദനകൾ, എല്ലാറ്റിന്റെയും അവസാനമാണെന്നു കരുതാതെ അവരിലൂടെതന്നെ കടന്നുവരാനിരിക്കുന്ന ഉത്ഥിതന്റെ സാന്നിദ്ധ്യത്തെയും സന്തോഷത്തെയും പ്രതീക്ഷിച്ചുകൊണ്ട് അവരെ സ്നേഹിക്കാം.

**സാഹചര്യങ്ങളോട്:** നമ്മുടെ ഓരോരുത്തരുടെയും ഈ ലോകത്തിലുള്ള സാന്നിദ്ധ്യം മരണത്തിനപ്പുറമുള്ള ഉത്ഥാനത്തിന്റെ, പ്രതീക്ഷയുടെ, സന്തോഷത്തിന്റെ, നവജീവന്റെ സാന്നിദ്ധ്യമായി മാറ്റാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**






# സെനക്കിൾ തരംഗം

**സന്ദേശം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ഉയിർപ്പുകാലത്തേക്ക് നാം പ്രവേശിക്കുകയാണ്. മിശിഹായുടെ ഉത്ഥാനം നമ്മുടെ പൗരോഹിത്യജീവിതത്തിന്റെയും ശുശ്രൂഷയുടെയും അടിസ്ഥാനമാണ്. വി. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ, "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). മിശിഹാ ഉത്ഥാനം ചെയ്തിട്ടില്ലെങ്കിൽ നമ്മുടെ പൗരോഹിത്യജീവിതത്തിനും ശുശ്രൂഷയ്ക്കും അർത്ഥമില്ല. ക്രിസ്തീയജീവിതത്തെയും ക്രിസ്തീയ പൗരോഹിത്യത്തെയും മറ്റു മതപരമായ ജീവിതങ്ങളിൽനിന്നും ശുശ്രൂഷകളിൽനിന്നും വ്യതിരിക്തമാക്കുന്നത് മിശിഹായുടെ ഉത്ഥാനമാണ്. കാരണം, ഉത്ഥാനത്തിലൂടെ മിശിഹാ നമ്മോടൊത്ത് ആയിരിക്കുന്നവനായി മാറിയിരിക്കുന്നു. മറ്റുള്ളവരെല്ലാം ആയിരുന്നവരിൽ വിശ്വസിക്കുന്നവരാണെങ്കിൽ നാം ആയിരിക്കുന്നവനിൽ വിശ്വസിക്കുന്നവരാണ്. ആയിരുന്നവരുടെ ആശയങ്ങളും ആദർശങ്ങളുമാണ് മറ്റെല്ലാ മതങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും അടിസ്ഥാനമെങ്കിൽ, ആയിരിക്കുന്നവന്റെ സാന്നിദ്ധ്യവും പ്രവർത്തനവുമാണ് ക്രിസ്തീയജീവിതത്തിന്റെയും ശുശ്രൂഷയുടെയും അടിസ്ഥാനം. "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, മിശിഹായാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2,20) എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ നമ്മിലോരോരുത്തരിലും നിറവേറിയിരിക്കുകയാണ്. നാം ബലിയർപ്പിക്കുമ്പോൾ മിശിഹായാണ് നമ്മിലൂടെ ബലിയർപ്പിക്കുന്നത്. നാം വചനം പ്രഘോഷിക്കുമ്പോൾ മിശിഹായാണ് നമ്മിലൂടെ വചനം പ്രഘോഷിക്കുന്നത്. നാം അജപാലനശുശ്രൂഷ നിർവഹിക്കുമ്പോൾ മിശിഹായാണ് തന്റെ അജപാലനസ്നേഹശുശ്രൂഷ നിർവഹിക്കുന്നത്. മിശിഹായോടുള്ള ഈ താദാത്മ്യപ്പെടൽ അന്വർത്ഥമാകത്തക്കവിധം പൗരോഹിത്യശുശ്രൂഷകൾ നിർവഹിക്കുവാൻ ഈ ഉയിർപ്പുകാലം നമുക്ക് പ്രചോദനമരുളട്ടെ! എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളാശംസകൾ നേരുന്നു.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

**വാർത്തകൾ**

2014 ഫെബ്രുവരി 18-19, മാർച്ച് 11-12 തീയതികളിൽ ഇന്ത്യൻ നേഷനിലെ അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങൾ, മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ ഒരുമിച്ചുകൂടി തങ്ങളുടെ സെനക്കിൾ അനുഭവത്തിന്റെ തുടർപരിശീലനപരിപാടി നടത്തുകയുണ്ടായി. മല്പാൻ ബഹു. മാത്യു വെള്ളാനിക്കലച്ചൻ വി. മത്തായിയുടെ സുവിശേഷത്തെ ആസ്പദമാക്കി ധ്യാനവിചിന്തനങ്ങൾക്കു നേതൃത്വം നല്കി. എല്ലാവരും പതിവുപോലെ പരിശുദ്ധ കുർബാനയിലും പ്രാർത്ഥനകളിലും പങ്കുചേരുകയും അജപാലനശുശ്രൂഷാനുഭവങ്ങളും വിചിന്തനങ്ങളും പങ്കുവയ്ക്കുകയും ചെയ്തു. മാർച്ച് 12-ാം തീയതി ജനറൽ മേജർ ഫാദർ മാത്യു വെള്ളാനിക്കലച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ 54-ാം വാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന് ആശംസകൾ നേരുകയും അദ്ദേഹം പുതുതായി പ്രസിദ്ധീകരിച്ച തന്റെ "സഭാത്മകസുവിശേഷം" എന്ന ഗ്രന്ഥം സമ്മാനമായി എല്ലാവർക്കും നല്കുകയും ചെയ്തു. മാർച്ച് 19 ന് അപ്പസ്തോലിക് സൊദാലെസിന്റെ തിരുനാളായി ആഘോഷിക്കുന്നതിനാൽ ജനറൽ മേജർ ഫാദർ, അമേരിക്ക, ഇറ്റലി, മാൾട്ടാ, ഇന്ത്യ എന്നീ നേഷനുകളിലുള്ള എല്ലാ അംഗങ്ങൾക്കും ആശംസകൾ നേരുകയും തിരുനാൾസന്ദേശം നല്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.







'ഇതാ, നിന്റെ അമ്മ' എന്നു പറഞ്ഞുകൊണ്ട് യോഹന്നാനും, ലോകത്തിനു മുഴുവനും മാതാവിനെ തന്ന മിശിഹായേ, ഞങ്ങൾക്ക് അമ്മയെ തന്നതിന് ഞങ്ങൾ നന്ദി പറയുന്നു. അമ്മേ, ആശ്രയിക്കുന്ന വരെ താങ്ങുന്നവളേ, നിന്റെ പുത്രന്റെ സഹന, മരണ നിമിഷങ്ങളിൽ നീ ഒപ്പമായിരുന്ന് ആശ്വസിപ്പിച്ച ല്ലോ. അമ്മേ, ഉയിർപ്പിന്റെ മഹത്ത്വത്തിൽ ആനന്ദിച്ചുകൊണ്ട്, ദൈവത്തെ അവിരാമം മഹത്ത്വപ്പെടു ത്തുവാൻ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ.

**1-ാം ദൈവരഹസ്യം:** ഉത്ഥാനത്തിന്റെ സദ്ഫലങ്ങളായ സമാധാനവും ശാന്തിയും എന്നും ഞങ്ങ ളിൽ നിറഞ്ഞുനില്ക്കുവാൻ അമ്മേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**2-ാം ദൈവരഹസ്യം:** നിരാശരാകാതെ, ഉത്ഥാനാനുഭവത്തിൽ നിറയപ്പെടുവാനായി ശിഷ്യരോടൊപ്പം പ്രാർത്ഥനയിൽ ചെലവഴിച്ച അമ്മേ, നിരന്തരം പ്രാർത്ഥനയിൽ മിശിഹായെ കണ്ടെത്താനുള്ള കൃപ ലഭിക്കുവാനായി ഞങ്ങൾക്കായി നീ പ്രാർത്ഥിക്കണമേ.

1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**3-ാം ദൈവരഹസ്യം:** ദൈവഹിതത്തിനു സമ്പൂർണമായി സമർപ്പിച്ചുകൊണ്ട് തിരുവുത്ഥാനത്തിന്റെ ആനന്ദം ആവോളം നുകരുവാൻ അമ്മേ, നീ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**4-ാം ദൈവരഹസ്യം:** ഉത്ഥാനത്തിലൂടെ പാപത്തെയും മരണത്തെയും കീഴ്പ്പെടുത്തി വിജയശ്രീലാ ളിതനായിത്തീർന്ന മിശിഹായേ, സ്വർഗവാസികളോടുകൂടി നിന്നെ സ്തുതിച്ചു മഹത്ത്വപ്പെടുത്തുവാൻ ബലഹീനരായ ഞങ്ങൾക്കായി അമ്മേ, നീ പ്രാർത്ഥിക്കണമേ.


1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**5-ാം ദൈവരഹസ്യം:** ഉത്ഥാനംവഴി അമ്മേ, അങ്ങേ തിരുക്കുമാരൻ ഞങ്ങളുടെ ഉയിർപ്പിനു കാരണ മായിത്തീർന്നുവല്ലോ. ഞങ്ങളുടെ ജീവിതത്തിൽ പാപത്തിനുമരിച്ച് ഉത്ഥാനത്തിന്റെ ചൈതന്യത്തിൽ പ്രകാശത്തിന്റെ മക്കളായി വ്യാപരിക്കുവാൻ വേണ്ട കൃപയ്ക്കായി അമ്മേ, ഞങ്ങൾക്കായി നീ പ്രാർത്ഥി ക്കണമേ.

1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വ.

**സമർപ്പണപ്രാർത്ഥന:** ദാവീദിന്റെ പ്രിയപുത്രീ, മിശിഹായുടെ മാതാവേ, നിന്റെ സഭയിലെ മക്കൾക്കു വേണ്ട കൃപാവരങ്ങൾ നീ വാങ്ങിത്തരണമേ. ഉത്ഥാനാനുഭവത്തിൽ ആഴപ്പെടുവാനും പുത്തൻ ചൈത ന്യത്തോടും ഉണർവോടുംകൂടെ സാക്ഷ്യം നല്കാനും ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.







# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"മരണത്തെ ജയിച്ചടക്കിയ മിശിഹായേ, നിന്റെ സഭയിൽ സദാ സന്നിഹിതനായി നവജീവൻകൊണ്ട് അതിനെ നിറയ്ക്കണമേ. നിന്റെ പുനരുത്ഥാനത്തിൽ പങ്കാളികളാകുവാൻവേണ്ടി നിന്റെ ബലിജീവിതത്തിൽ ഞങ്ങളെ സഹകാരികളാക്കണമേ. നിന്റെ സമാധാനവും ശാന്തിയും ഞങ്ങളുടെ സമൂഹത്തിലും കുടുംബങ്ങളിലും മനുഷ്യവർഗം മുഴുവനിലും നിരന്തരം വസിക്കുവാൻ ഇടയാക്കുകയും ചെയ്യണമേ. ആമ്മേൻ"

(സീറോ മലബാർകുർബാനക്രമത്തിൽനിന്ന്)

For private circulation only

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്